# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി8/1411/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/12/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി8/1411/2025 തീയ്യതി: 23/12/2025

# ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിതദാസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-11-2025 | 27-11-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-11-2025 | 27-11-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മിനി പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ (ഹ.ഗ്രേ)
പ്രവീൺ ഷേണായി ജെ., ഓഡിറ്റ് ഓഫിസർ
സുനിൽ കെ ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ടീനു ടോം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിത സതീശൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| സാഹിർ.കെ.എ | സെക്രട്ടറി | 01-04-2024 | 31-05-2024 |
| ബീന.പി.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 01-07-2024 |
| പത്മകുമാർ പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-07-2024 | 19-07-2024 |
| ബീന.പി.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-07-2024 | 10-09-2024 |

| | | | |
|---|---|---|---|
| സുജാത.കെ | സെക്രട്ടറി | 11-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീരമ്യ.ആർ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ദീപ.എസ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| സുജ ജയപാൽ | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | 01-04-2024 | 14-08-2024 |
| സോന സോണി ജോസഫ് | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | 15-08-2024 | 31-03-2025 |
| ഡോ.ഫിജി പീറ്റർ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 31-03-2025 |
| ബീന.പി.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 12-09-2024 |
| ബിനു.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 13-09-2024 | 31-03-2025 |
| സീമ.എ | വി.ഇ.ഒ,വാടയ്ക്കൽ സർക്കിൾ | 01-04-2024 | 31-03-2025 |
| രാജേഷ്. എസ്.ജെ | വി.ഇ.ഒ,കളർകോട് സർക്കിൾ | 01-04-2024 | 31-03-2025 |
| ഷീജ.എ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 26-09-2024 |
| അശ്വിനി .ടി | അസിസ്റ്റന്റ് എഞ്ചിനിയർ | 27-09-2024 | 31-03-2025 |
| സൈറസ് .പി.എസ്സ് | ഫിഷറീസ് ഓഫീസർ | 01-04-2024 | 23-10-2024 |
| ലീന ഡെന്നീസ് . എസ്സ്. | ഫിഷറീസ് ഓഫീസർ | 24-10-2024 | 31-03-2025 |
| സലില.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 29-07-2024 |
| സിനി.എസ്.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 30-07-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-2 |
| 4 | ബജറ്റ് | 1-2 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | വസ്തുനികുതി പരിഷ്ക്കരണം ഫീൽഡ് തല സർവ്വേ പൂർത്തിയായില്ല | 1-10 |
| 13 | സ്പോർട്ട്സ് ടർഫിന് നികുതി നിർണ്ണയിച്ച് ഈടാക്കിയില്ല | 1-11 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 15 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നികുതി നിശ്ചയിച്ചിട്ടില്ല | 1-13 |
| 16 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-14 |
| 17 | സമാന സ്വഭാവമുള്ള പദ്ധതികൾക്ക് വിവിധ പ്രോജക്ടുകൾ, പ്രോജക്ട് നടത്തിപ്പിലും അപാകതകൾ | 1-15 |
| 18 | ആർദ്രം- ഡോക്ടർക്കും,നേഴ്സിനും നൽകിയത് അനുവദനീയമായതിലും അധിക വേതനം | 1-16 |
| 19 | നന്മക്കൂട്- പ്രോജക്ട് സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധം | 1-17 |
| 20 | ആർട്ട്കോയിൽ നിന്നും ജീവൻ രക്ഷാ ഉപകരണങ്ങൾ വാങ്ങിയത് ചട്ടവിരുദ്ധം | 1-18 |
| 21 | മഴക്കാലപൂർവ്വ ശുചീകരണം- അപാകതകൾ | 1-19 |
| 22 | പറവൂർ മാർക്കറ്റ് മാലിന്യ സംസ്കരണം- സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു | 1-20 |
| 23 | സ്നേഹതീരം- സബ്സിഡി മാർഗ്ഗരേഖയും, നടപടിക്രമങ്ങളും പാലിക്കാതെ പദ്ധതി നിർവ്വഹണം | 1-21 |
| 24 | സ്വയം തൊഴിലിന് ഇരുചക്രവാഹനം - സബ്സിഡി മാർഗ്ഗരേഖയും, നടപടിക്രമങ്ങളും പാലിക്കപ്പെട്ടില്ല | 1-22 |
| 25 | എവിടെയുമെത്താതെ വെനീസ് ടൂറിസം പദ്ധതി | 1-23 |
| 26 | സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത കാര്യങ്ങൾക്ക് പണം ചെലവഴിച്ചു | 1-24 |
| 27 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-25 |
| 28 | സാമൂഹ്യ സുരക്ഷാപെൻഷൻ സസ്പെന്റ് ചെയ്യുന്നതിൽ കാലതാമസം | 1-26 |
| 29 | തെരുവ് വിളക്ക് വാങ്ങൽ - സ്റ്റോക്ക് വിതരണ രേഖകൾ ഹാജരാക്കിയില്ല | 1-27 |
| 30 | ബയോഗ്യാസ് പ്ലാന്റ് - പ്രോജക്ട് നടത്തിപ്പിലെ അപാകത | 1-28 |
| 31 | രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 32 | പറവൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കാലയളവ് ദീർഘീകരണം | 1-30 |
| 33 | വീട് വാസയോഗ്യമാക്കൽ ജനറൽ-അപാകത | 1-31 |
| 34 | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ചില്ല | 1-32 |
| 35 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-33 |
| 36 | ജല ജീവൻ മിഷൻ- അവലോകനം | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ആർദ്രം- ഡോക്ടർക്കും, നേഴ്സിനും നൽകിയത് അനുവദനീയമായതിലും അധിക വേതനം | 3-1 |

| | | |
|---|---|---|
| 2 | സമാന സ്വഭാവമുള്ള പദ്ധതികൾക്കായി വിവിധ പ്രോജക്റ്റുകൾ-നടത്തിപ്പിലും അപാകതകൾ | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് - അവലോകനം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.05.2025-ലെ കമ്മറ്റി (1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 30.05.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങളിലൊഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല.

## 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളുടെയും വിവരമുൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് 08.02.2024-ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. തുടർന്ന് പുതുക്കിയ ബജറ്റ് 05.02.2025 തീയതിയിലെ 15(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവു ചെലവുകളും താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| പരിഷ്ക്കരിച്ച ബജറ്റ് പ്രകാരം | 34,77,12,183 | 35,52,18,561 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 23,04,87,191 | 22,26,23,938 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 3,71,80,644.00 |
| വരവ് | 7,71,44,591.00 |
| ആകെ | 11,43,25,235.00 |
| ചെലവ് | 7,18,60,838.00 |
| നീക്കിയിരിപ്പ് | 4,24,64,397.00 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | സോഴ്സ് ഡിഡക്ഷൻ | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,06,47,175 | 36,93,825 | 2,43,41,000 | 2,43,41,000 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 31,95,972 | 1,78,028 | 33,74,000 | 33,74,000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 64,44,000 | 0 | 64,44,000 | 38,74,124 | 25,69,876 (ലാപ്സായി) |
| മെയിന്റനൻസ്ഗ്രാന്റ് (നോൺ റോഡ്) | 0 | 72,54,000 | 0 | 72,54,000 | 61,27,010 | 11,26,990 (ലാപ്സായി) |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്-ബാങ്ക്) | 22,58,394 | 94,00,500 | 0 | 1,16,58,894 | 33,02,878 | 83,56,016 (നീക്കിയിരുപ്പ്) |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്-ട്രഷറി) | 0 | 6,70,701 | 0 | 6,70,701 | 4,26,520 | 2,44,181 (ലാപ്സായി) |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്-ബാങ്ക്) | 41,22,996 | 44,45,512 (പലിശ- 3,44,512 ഉൾപ്പടെ) | 0 | 85,68,508 | 65,90,419 | 19,78,089 (നീക്കിയിരുപ്പ്) |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്-ട്രഷറി) | 0 | 13,531 | 0 | 13,531 | 0 | 13,531 (ലാപ്സായി) |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 230 | 16,44,92,454 | 172 | 8,43,75,478 | 20 | 38 | 74.78% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 232 | 27,54,640 | 27,54,872 | 27,52,573 | 2,299 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 6,85,09,331 | 6,85,09,331 | 6,85,09,331 | 0 |
| **ആകെ** | **232** | **7,12,63,971** | **7,12,64,203** | 7,12,61,904 | 2,299 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 95,95,200 | 617 |
| വിധവാ പെൻഷൻ | 1,24,23,400 | 853 |
| വാർദ്ധക്യകാല പെൻഷൻ | 2,64,24,500 | 1989 |
| വികലാംഗ പെൻഷൻ | 56,54,800 | 367 |
| അവിവാഹിത പെൻഷൻ | 15,05,000 | 92 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം | 30,000 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2025 തീയതിയിൽ 03:15 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 560/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കുന്നതിന് താഴെ ചേർക്കുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

1. 17 വാർഡുകളുള്ള ഗ്രാമ പഞ്ചായത്തിന്റെ പകുതി വാർഡുകളിൽ (9 വാർഡുകളിൽ) മാത്രമാണ് വസ്തു നികുതി പരിഷ്കരണത്തിന്റെ പ്രാഥമിക ഘട്ടമായ പ്രാദേശിക വിവര ശേഖരണം പൂർത്തീകരിച്ചിട്ടുള്ളത്. വസ്തു നികുതി പരിഷ്കരണ നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.
2. കമ്മ്യൂണിറ്റി ഹാളിന്റെ വാടകയിനത്തിൽ വാർഷികകണക്ക് പ്രകാരം തൻവർഷം 17,15,700/- രൂപ വരവുണ്ടെങ്കിലും രജിസ്റ്ററിൽ തൻവർഷത്തെ ആകെ വരവ് കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. ലോഗ് ബുക്കിൽ മതിയായ വിവരങ്ങൾ രേഖപ്പെടുത്തി പോരുന്നുവെങ്കിലും പ്രതിമാസ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
4. പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികൾ ഓരോന്നും വിഭാവനം ചെയ്യുന്ന ലക്ഷ്യം ഗുണമേന്മയോടെ നിർവഹിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് മോണിട്ടറിംഗ് ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം അതാത് വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. തൻവർഷത്തെ പദ്ധതി ഫയലുകളിലൊന്നും വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.
5. നിക്ഷേപ പ്രവൃത്തികൾ കരാർ മുഖേന നിർവഹിക്കപ്പെടുന്നില്ല. നിർവഹണ ഏജൻസികളുമായി കരാർ വെച്ച് നിക്ഷേപ പ്രവൃത്തികൾ നിയമപരമാക്കേണ്ടതും അവ യഥാസമയം പൂർത്തീകരിക്കപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കേണ്ടതുമാണ്.
6. സമാന സ്വഭാവമുള്ള പദ്ധതികൾ രണ്ട് വ്യത്യസ്ത പദ്ധതികളായി നടപ്പാക്കിയത് പദ്ധതി ചെലവുകൾ ഇരട്ടിയാക്കുന്നതിന് കാരണമായി. (ഖണ്ഡിക 1-15 കാണുക).

മേൽ സൂചിപ്പിച്ച ന്യൂനതകൾ കൂടി പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കേണ്ടതാണ്.

**1-10 വസ്തുനികുതി പരിഷ്ക്കരണം ഫീൽഡ് തല സർവ്വേ പൂർത്തിയായില്ല**

ഗ്രാമപഞ്ചായത്തിന്റെ ആകെയുള്ള 17 വാർഡുകളിൽ ഒൻപത് വാർഡുകളിലെ വിവരശേഖരണ നടപടികൾ പൂർത്തിയായി. വിവരശേഖരണത്തിനും, ഡേറ്റാ എൻട്രിക്കുമായി 8 പേരെ നിയോഗിക്കുകയും, അവർ തുടർന്ന് വരാതിരുന്ന സാഹചര്യത്തിൽ 6 പേരെ പുതിയതായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇവർ 1,2,6,8,9,10,13,14,17 വാർഡുകളിലെ വിവരശേഖരണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഒൻപത് വാർഡുകളിലെ ഉദ്യോഗസ്ഥതല പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. സഞ്ചയയിലോ, കെ-സ്മാർട്ടിലോ വിവരശേഖരണം നടത്തിയ കെട്ടിടങ്ങളുടെ വിവരശേഖരണ വിവരം എൻട്രി നടത്തുന്നതിനുള്ള സംവിധാനം ലഭ്യമായിട്ടില്ലാത്തതിനാൽ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടില്ല.

വിവരശേഖരണം നടത്തി, ഉദ്യോഗസ്ഥതല പരിശോധനയ്ക്ക് ശേഷം വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുമ്പോൾ മാത്രമാണ് തനത് വരുമാന വർദ്ധനവ് സാധ്യമാകുന്നത്. അതിനാൽ വിവരശേഖരണം നടത്താൻ ബാക്കിയുള്ള മുഴുവൻ വാർഡുകളിലെയും ഫീൽഡ് തല സർവ്വേയും അനന്തരനടപടികളും വേഗത്തിലാക്കുകയും, ഉദ്യോഗസ്ഥ തല പരിശോധനയ്ക്ക് ശേഷം കൃത്യമായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയും ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-11 സ്പോർട്സ് ടർഫിന് നികുതി നിർണ്ണയിച്ച് ഈടാക്കിയില്ല**

ഗ്രാമപഞ്ചായത്തിന്റെ ഏഴാം വാർഡിൽ പ്രവർത്തിച്ചുവരുന്ന "ഗോൾഡൻ സ്പോർട്ട്സ് & മാധവ് ബേക്കേഴ്സ്" എന്ന ടർഫ് ഗ്രൗണ്ടിന്റെ നികുതി നിർണ്ണയിച്ച് ഈടാക്കിയില്ല. പ്രസ്തുത ടർഫിന്റെ വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി(നം.3/20.11.2025)ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ടർഫ് പെർമിറ്റിന് അപേക്ഷിച്ചിട്ടില്ലായിരുന്നെന്നും, നിലവിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് മരാമത്ത് വിഭാഗം മുഖേന (LID & EW) അന്വേഷണം നടത്തി ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ടർഫിന്റെ വിസ്തീർണ്ണം- 768ച.മീ

അനുബന്ധ കെട്ടിടം – (1) ഓഫീസ് കെട്ടിടം തറവിസ്തീർണ്ണം- 27.29ച.മീ

(2) ടോയ്‌ലറ്റ് ബ്ലോക്ക്-6.78 ച.മീ

റോഡിന്റെ തരം – പി.ഡബ്ല്യു.ഡി റോഡ്

കാലപ്പഴക്കം – 2 വർഷം

പെർമിറ്റ് നേടിയിട്ടില്ലാത്തതിനാൽ ക്രമവൽക്കരണ, നികുതി നിർണ്ണയനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല**

ഗ്രാമപഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ രസീതിന്റെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.17/27.11.2025)ക്ക് മറുപടി ലഭ്യമാക്കിയില്ല.

1) എസ്.വി മോട്ടോഴ്സ്

2) സോളാർ ഫാർമ എന്റർപ്രൈസസ്

3) ഏവീസ് പുട്ട് ഹൗസ്

4) പോപ്പുലർ മെഗാ മോട്ടോഴ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്

5) പോപ്പുലർ മോട്ടർ കോർപ്പറേഷൻ

6) പോപ്പുലർ വെഹിക്കിൾസ് & സർവ്വീസസ് ലിമിറ്റഡ്, നെക്സ

7) ആലപ്പി പറവൂർ എസ്.സി.എസ് നം.1214

ഈടാക്കാനവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

**1-13 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നികുതി നിശ്ചയിച്ചിട്ടില്ല**

കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബി .എ. വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറിതലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ

സ്ഥാപനങ്ങൾക്ക് അനുവദിച്ചുവന്നിരുന്ന വസ്തു നികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിരുന്നു. സർക്കാരിന്റെ 28.03.2023 ലെ നമ്പർ 15 (2) ലെജി. എ 2/2023 നിയമ ഉത്തരവ് (2023 ലെ 18-ാം ആക്ട്, 2023 ലെ കേരള ധനകാര്യ 2-ാം നമ്പർ ആക്ട് എന്നിവ )പ്രകാരം വസ്തു നികുതി ഈടാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം തറ വിസ്തൃതിക്കനുസൃതമായി നികുതി ഈടാക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/20.11.2025), ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | കെട്ടി നം. | വിസ്തൃതി (ച.മീ) | നികുതി അടവ് വിവരങ്ങൾ |
|---|---|---|---|---|
| 1 | ചിന്മയ വിദ്യാലയം | III/1, III/1-A | 3240ച.മീ 719.96ച.മീ | നികുതി അടവാക്കുന്നില്ല |

മേൽ സർക്കാർ ഉത്തരവ് പ്രകാരം 01.04.2023 മുതലുള്ള വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2024-25 സാമ്പത്തിക വർഷം ലൈസൻസ് എടുത്തതായി കാണുന്നില്ല. ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ രസീത് നമ്പർ, തീയതി എന്നിവ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.27/27.11.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല.

1) ജെ- ടെക്ക്
2) ജോൺസ് ഇൻഡസ്ട്രീസ്
3) പോപ്പുലർ വെഹിക്കിൾസ് ആന്റ് സർവ്വീസസ് ലിമിറ്റഡ് (നെക്സ)
4) ക്ലാസിക്ക് സ്ക്കൂബൈക്സ്
5) ഏവീസ് പുട്ട്ഹൌസ്
6) ഈസ്റ്റ് വെനീസ് മോട്ടോഴ്സ്
7) രാംകോ സിമെന്റ്സ്
8) പോപ്പുലർ മോട്ടർ കോർപ്പറേഷൻ
9) അറ്റ്ലാന്റിക്ക് കെയർ കെമിക്കൽസ്
10) അപരാജിതാ ഡൈനാമിക്ക് സിനർജീസ്
11) ദിക്ഷ കോർപ്പറേറ്റ് സർവ്വീസസ്
12) വിബു മെറ്റൽസ്
13) താഫ്
14) വീ-വീ പ്ലാസ്റ്റിക്സ്
15) ബിയാൻകോ
16) ക്ലാസിക്ക് ഡിസൈനേഴ്സ്

ലൈസൻസ് ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങളൊന്നും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 സമാന സ്വഭാവമുള്ള പദ്ധതികൾക്ക് വിവിധ പ്രോജക്ടുകൾ, പ്രോജക്ട് നടത്തിപ്പിലും അപാകതകൾ

| | |
|---|---|
| (1) പ്രോജക്ട് നം. | S0049/25 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് യോഗപരിശീലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്എച്ച്സി |
| അടങ്കൽ | 1,70,270/- (വികസന ഫണ്ട്- ജനറൽ) |
| | |

| | |
|---|---|
| ചെലവ് | 1,08,240/- |
| ബിൽ നം. | 48/24-25/തീയതി 13.12.24 18,500/-<br>50/24-25/തീയതി 13.01.25 11,500/-<br>52/24-25/തീയതി 13.01.25 4,240/-<br>74/24-25/തീയതി 15.03.25 12,500/-<br>75/24-25/തീയതി 15.03.25 38,000/-<br>78/124-25/തീയതി 15.03.25 23,500/- |

| | |
|---|---|
| (2) പ്രോജക്ട് നം. | S0037/25 |
| പ്രോജക്ടിന്റെ പേര് | വനിതകൾക്ക് യോഗപരിശീലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്എച്ച്സി) |
| അടങ്കൽ | 1,44,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 1,44,000/- |
| ബി ആർ എൻ | 24060152014901020841/തീയതി 12.12.24/22,500/-<br>24060152014901021517/തീയതി 12.12.24/27,000/-<br>240601520149014991 7/തീയതി 06.03.25/49,000/-<br>24060152014901449929/തീയതി 07.03.25/25,000/-<br>24060152014901450031/തീയതി 07.03.25/20,500/- |

മെഡിക്കൽ ഓഫീസർ (എഫ്എച്ച്സി) നിർവ്വഹണം നടത്തിയ മേൽ രണ്ട് പ്രോജക്ടുകളിൽ ഉൾപ്പെടുത്തി, ആകെ 2,52,240/- രൂപ(1,08,240+ 1,44,000) ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സമാന സ്വഭാവമുള്ള ഒരു പദ്ധതി രണ്ടു വ്യത്യസ്ത പദ്ധതികളായി നടപ്പാക്കുന്നതിലൂടെ പൊതുപണത്തിന്റെ ദുർവ്യയമാണ് നടന്നിട്ടുള്ളത്. വയോജനങ്ങൾക്ക്/വനിതകൾക്ക് യോഗ പരിശീലനം എന്ന ഈ പദ്ധതിയിലേയ്ക്ക് യോഗ ഇൻസ്ട്രക്ടറായി ശ്രീമതി ലിസിമോൾ വി.എം., പള്ളിപ്പറമ്പിൽ, പുന്നപ്ര എന്ന വ്യക്തിയെ നിയമിച്ചിട്ടുണ്ട്. ഈ തസ്തികയിലേയ്ക്ക് ടിയാൾ മാത്രമാണ് അപേക്ഷിച്ചിട്ടുള്ളതെന്നാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ള പ്രൊസീഡിംഗ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചതായോ, അത് പ്രസിദ്ധീകരിച്ചതായോ ഫയലിൽ രേഖകളില്ല. ഈ രണ്ടു പദ്ധതിയിലേയ്ക്കും ഒരാൾ മാത്രം, ഒരേ ദിവസം 24-07-24, അപേക്ഷ നൽകുകയും, ടിയാളെത്തന്നെ നിയമിക്കുകയുമാണ് ചെയ്തിട്ടുള്ളത്. യോഗ ഇൻസ്ട്രക്റ്ററായി നിയമിക്കപ്പെടുന്നയാൾക്ക് BNYS (Bachelor Of Naturopathy And Yogic Sciences) ൽ ബിരുദമോ, യോഗ അസോസിയേഷൻ/സ്പോർട്സ് കൌൺസിലിന്റെ അംഗീകാരമോ യോഗ്യതയായി സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ യോഗ്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അതു പോലെ ഒരു ക്ലാസ്സിന് 500/- രൂപ എന്ന നിരക്കിലാണ് ടിയാളെ നിയമിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ 115/2002/LSGD തീയതി 28.05.2022 ഖണ്ഡിക 7-6-5 പ്രകാരം യോഗ പരിശീലനത്തിന് ഒരു സെഷന് നൽകാവുന്ന തുക 400/- രൂപയും, ഒരു മാസം പരമാവധി നൽകാവുന്ന തുക 12,000/- രൂപയുമാണെന്നിരിക്കെ അത്തരത്തിലുള്ള സർക്കാർ നിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് ടിയാൾക്ക് പ്രതിദിന/മാസ വേതനം നൽകിയിട്ടുള്ളത്. 2024 ഒക്ടോബർ മാസം മാത്രം രണ്ട് പ്രോജക്ടുകളിൽ നിന്നായി 38,500/- രൂപയാണ് വേതനമായി നല്കിയിട്ടുള്ളത്. സമാന സ്വഭാവമുള്ളതും, ജോലിയിൽ പ്രത്യേകവും, പ്രകടവുമായ വ്യത്യാസമൊന്നുമില്ലാത്ത ഈ രണ്ട് പ്രോജക്ടിലും ഉൾപ്പെടുത്തി ഒരേ ദിവസം ക്ലാസ്സ് എടുത്തതിന് രണ്ട് വേതനമാണ് എല്ലാ ദിവസങ്ങളിലും നൽകിയിട്ടുള്ളത്.

വനിതകൾക്കും, വയോജനങ്ങൾക്കും പ്രത്യേകം പദ്ധതികൾ വിഭാവനം ചെയ്തെങ്കിലും, വയോജനങ്ങൾക്കായുള്ള യോഗ പരിശീലനത്തിൽ ആകെ പങ്കെടുത്തത് 11 മുതൽ 14 പേർ വരെയാണ് അതിൽ തന്നെ 3 പേർ മാത്രമാണ് പുരുഷൻമാർ. വയോജനങ്ങളിൽപ്പെടുന്ന വനിതകളെക്കൂടി ഉൾപ്പെടുത്തി വനിതകൾക്കുള്ള യോഗ പദ്ധതി നടപ്പിലാക്കാമെന്നിരിക്കെ

അതിനായി പ്രത്യേക പദ്ധതി രൂപീകരിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. അതു പോലെ ഒരു മാസം ഒരു പ്രോജക്ടിൽപ്പെടുത്തി രണ്ടു വാർഡുകളിൽ ക്ലാസ്സ് എടുത്തു എന്ന കാരണത്താൽ 54 ക്ലാസ്സുകൾക്ക് വരെ വേതനം വാങ്ങിയിട്ടുണ്ട്. ഈ ക്ലാസ്സുകൾ എവിടെ വെച്ചു നടത്തിയെന്നോ, എത്ര നേരം നടത്തിയെന്നോ എന്നതിനെ സംബന്ധിച്ച യാതൊരു വിവരങ്ങളും ഫയലിലില്ല. രണ്ടു പ്രോജക്ടുകളിലും മറ്റ് ചെലവുകൾക്കായി നീക്കി വെച്ച 4,240/- കിഴിച്ച് 2,48,000/- രൂപയും ചെലവഴിച്ചിട്ടുള്ളത് വേതനം നൽകുന്നതിനാണ്. ഈ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം. 13/24.11.2025 ന് മറുപടി ലഭ്യമാക്കിയില്ല.

ക്ലാസ്സ് നടത്തിയതിന്റെ വിശദാംശങ്ങളും അധികം നൽകിയ തുകയും ചുവടെ ചേർക്കുന്നു.

1) വയോജനങ്ങൾക്ക് യോഗപരിശീലനം (പ്രോജക്ട് നം. S0049/25)

| ക്രമ നം. | ക്ലാസ്സ് നടന്ന കാലയളവ് | പങ്കെടുത്ത വരുടെ എണ്ണം | ക്ലാസ്സ് എടുത്ത സെഷനുകളുടെ എണ്ണം/ | വേതനമായി അനുവദിച്ച തുക @500/- (ബിൽ നം.) | അനുവദിക്കാവുന്ന തുക @400/- | വേതനമിനത്തിൽ അധികം നൽകിയ തുക (രൂ.) |
|---|---|---|---|---|---|---|
| 1. | 08.08.2024 To 31.08.2024 | 14 | 17 | 17x500= 8500/- 48/13-12-24 | 17x400= 6800/- | 1700/- |
| 2. | 01.09.2024 To 30.09.2024 | 11 | 20 | 20x500= 10,000/- 48/13-12-24 | 20x400= 8,000/- | 2,000/- |
| 3. | 01.10.2024 To 31.10.2024 | 14 | 23 | 23x500 = 11500/- 50/13-01-25 | 23x400 = 9,200/- | 2,300/- |
| 4. | 01.11.2024 To 30.11.2024 | 15 | 25 | 25x500= 12,500/- 74/15-03-25 | 25x400 = 10,000/- | 2,500/- |
| 5. | 01.12.2024 To 31.12.2024 | 35 | 25 Ward No.7 23 ക്ലാസ്സ് Ward No.14 2ക്ലാസ്സ് | 25x500= 12,500/- 75/15-03-25 | 25x400 = 10,000/- | 2,500/- |
| 6. | 01.01.2025 To 31.01.2025 | 40 | 51 Ward No.7 25 ക്ലാസ്സ് Ward No.14 26ക്ലാസ്സ് | 51x500 = 25,500/- 75/15-03-25 | 51x400 = 20,400/- (പരമാവധി ഒരു മാസം നൽകാവുന്ന തുക 12,000/- മാത്രം.) | 13,500/- |
| 7. | 01.02.2025 To 28.02.2025 | 38 | 47 Ward No.7 23 ക്ലാസ്സ് Ward No.14 24ക്ലാസ്സ് | 47x500 = 23500/- 78/15-03-25 | 47x400 =18800/- (പരമാവധി ഒരു മാസം നൽകാവുന്ന തുക 12000/- മാത്രം.) | 11500/- |
| | ആകെ അധികം നൽകിയ തുക | | | | | 36,000/- |

2) വനിതകൾക്കായുള്ള യോഗപരിശീലനം (പ്രോജക്ട് നം. S0037/25)

| ക്രമ നം. | ക്ലാസ്സ് നടന്ന കാലയളവ് | പങ്കെടുത്തവരുടെ എണ്ണം | ക്ലാസ്സ് എടുത്ത സെഷനുകളുടെ എണ്ണം/ | വേതനമായി അനുവദിച്ച തുക @500/- | അനുവദിക്കാവുന്ന തുക @400/- | വേതനമിനത്തിൽ അധികം നൽകിയ തുക (രൂ.) |
|---|---|---|---|---|---|---|
| 1. | 08.08.2024 To | 21 | 17 | 17x500= | 17x400= | 1700/- |

| | | | | | | |
|---|---|---|---|---|---|---|
| | 31.08.2024 | | | 8,500/- | 6,800/- | |
| 2. | 01.09.2024 To 30.09.2024 | 53 | 28 | 28x500= 14,000/- | 28x400= 11200/- | 2,800/- |
| 3. | 01.10.2024 To 31.10.2024 | 92 | 54 (Ward No.7 27 ക്ലാസ്സ് Ward No.14 27ക്ലാസ്സ് | 54x500 = 27,000/- | 54x400 = 21,600/- (പരമാവധി ഒരു മാസം നൽകാവുന്ന തുക 12,000/- മാത്രം.) | 15,000/- |
| 4. | 01.11.2024 To 30.11.2024 | 77 | 52 | 52x500= 26,000/- | 52x400 = 20800/- (പരമാവധി ഒരു മാസം നൽകാവുന്ന തുക 12,000/- മാത്രം.) | 14,000/- |
| 5. | 01.12.2024 To 31.12.2024 | 35 | 46 | 46x500= 23,000/- | 46x400 = 18,400/- (പരമാവധി ഒരു മാസം നൽകാവുന്ന തുക 12,000/- മാത്രം.) | 11,000/- |
| 6. | 01.01.2025 To 31.01.2025 | 30 | 50 Ward No.3 25 ക്ലാസ്സ് Ward No.13 25ക്ലാസ്സ് | 50x500 = 25,000/- | 50x400 = 20,000/- (പരമാവധി ഒരു മാസം നൽകാവുന്ന തുക 12,000/- മാത്രം.) | 13,000/- |
| 7. | 01.02.2025 To 28.02.2025 | 30 | 48 Ward No.3 24 ക്ലാസ്സ് Ward No.13 24ക്ലാസ്സ് | 48x500 = 24,000/- | 48x400 =19200/- (പരമാവധി ഒരു മാസം നൽകാവുന്ന തുക 12,000/- മാത്രം.) | 12000/- |
| | ആകെ അധികം നൽകിയ തുക | | | | | 69,500/- |

രണ്ടു പ്രോജക്ടുകളിൽ നിന്നായി വേതനമിനത്തിൽ അധികം നൽകിയ 36,000+69,500 = 1,05,500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഒരേ സ്വഭാവമുള്ള പ്രോജക്ടുകൾ വിവിധ പ്രോജക്ടുകളായി നിർവ്വഹണം നടത്തുന്നത് പൊതു പണം ദുർവ്യയം ചെയ്യുന്നതായി കണക്കാക്കുന്നതാണ്. തുടർ വർഷങ്ങളിൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. മേൽ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-16 ആർദ്രം- ഡോക്ടർക്കും,നേഴ്സിനും നൽകിയത് അനുവദനീയമായതിലും അധിക വേതനം</u>

| | |
|---|---|
| പ്രോജക്ട് നം. | S0033/25 |
| പ്രോജക്ടിന്റെ പേര് | ആർദ്രം-ഡോക്ടർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വേതനം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ എഫ്എച്ച്സി |
| അടങ്കൽ | 13,39,140/- |

| | |
|---|---|
| | (9,36,740/- (വികസന ഫണ്ട്) 4,02,400/-(തനത് ഫണ്ട്) |
| ചെലവ് | 12,23,843/-<br>(8,21,443/- (വികസന ഫണ്ട്) + 4,02,400/-(തനത് ഫണ്ട്) |
| ബിആർഎൻ/ ബിൽ നം. | 2406015201490065866/തീയതി 11.06.2024 Rs. 1,14,900/-<br>2406015201490065866/തീയതി 02.07.2024 Rs. 1,14,900/-<br>2406015201490065866/തീയതി 01.08.2024 Rs. 1,14,900/-<br>43/24-25/ തീയതി 02.12.2024/ Rs. 11,72,20/-<br>41/24-25/ തീയതി 03.12.2024/ Rs. 11,72,20/-<br>24060152014901020861/തീയതി 12.12.2024 Rs. 11,72,20/-<br>24060152014901051017/തീയതി 17.12.2024 Rs. 11,72,20/-<br>24060152014901449960/തീയതി 06.03.2025 Rs. 53,890/-<br>24060152014901450002/തീയതി 06.03.2025 Rs. 83,687/-<br>24060152014901449968/തീയതി 07.03.2025 Rs. 98,726/- |

മെഡിക്കൽ ഓഫീസർ എഫ്എച്ച്സി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ഡോക്ടർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നൽകുന്നതിനായി 12,23,843/- രൂപ 2024-25 വർഷം ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എഫ്എച്ച്സിയിൽ കരാർ പ്രകാരം നിയമിതയായ മെഡിക്കൽ ഓഫീസർ ഡോ.എൻ.നിഷാനി, നേഴ്സിംഗ് ഓഫീസർ ശ്രീമതി ആതിര വി.എ., ഫാർമസിസ്റ്റ് ലക്ഷ്മി ലാൽ എന്നിവർക്ക് വേതനം നൽകുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ജി.ഒ.(പി) 29/21/ഫിൻ തീയതി 11.02.2021, സർക്കുലർ നമ്പർ ഡിബി3/143/2023/ത.സ്വ.ഭ.വ. തീയതി 10.07.2023 എന്നിവ പ്രകാരം കരാർ നിയമിതയായ ഡോക്ടർക്ക് പരമാവധി നൽകുവാൻ കഴിയുന്ന പ്രതിമാസ വേതനം 57,525/- രൂപയും, നേഴ്സിന് നൽകുവാൻ കഴിയുന്ന തുക 30,995/- രൂപയുമാണ്. എന്നാൽ ഇവിടെ ഡോക്ടർക്ക് 63,700/- രൂപയും, നേഴ്സിന് നേഴ്സിംഗ് ഓഫിസർ എന്ന പേരിൽ 39,300/- രൂപയുമാണ് വേതനമായി നൽകിയിരിക്കുന്നത്. ഡോക്ടർക്ക് വേതനമിനത്തിൽ മാസം തോറും അധികമായി നൽകിയത് 6,175/- രൂപ, നേഴ്സിന് അധികമായി നൽകിയത് 8,305/- രൂപ.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/ തസ്തിക | ശമ്പളം കൈപ്പറ്റിയ കാലയളവ് | നൽകാവുന്ന വേതനം | നൽകിയ വേതനം | അധികം നൽകിയ വേതനം |
|---|---|---|---|---|---|
| 1. | ഡോ.എൻ. നിഷാനി<br>മെഡിക്കൽ ഓഫീസർ | 05/2024 മുതൽ 11/2024 വരെ | 57525x 7=<br>4,02,675/- | 63700x7= 4,45,900 | 6175/-X7= 43,225/- |
| 2. | ആരതി വി.എ.<br>നേഴ്സിംഗ് ഓഫീസർ | 05/2024 മുതൽ 02/2025 വരെ | 30995x10= 3,09,950/- | 39,300x10=<br>3,93,000/- | 8,305x10= 8,3050/- |
| | ആകെ | | | | 1,26,275/- |

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.14/24.11.2025) മറുപടി ലഭ്യമാക്കിയില്ല. ശമ്പളമിനത്തിൽ അധികം നൽകിയ

1,26,275/- രൂപ നിരാകരിക്കുന്നു.

## 1-17 നന്മക്കൂട്- പ്രോജക്ട് സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധം

| | |
|---|---|
| പ്രോജക്ട് നം. | S0039/25 |
| പ്രോജക്ടിന്റെ പേര് | നന്മക്കൂട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(എഫ്എച്ച്.സി) |
| അടങ്കൽ | 1,30,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 1,15,180/- |
| ബിആർഎൻ നം. | 24060152014901052838 തീയതി 17.12.2024 Rs. 62,680/-<br>24060152014901537330 തീയതി 14.03.2025 Rs. 52,500/- |

മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി, വയോജനങ്ങൾക്കായി ഓണാഘോഷം, ഓണക്കോടി വിതരണം, ഹൌസ് ബോട്ടിലെ ഉല്ലാസയാത്ര തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി 1,15,180/-രൂപ 2024-25 വർഷം ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വയോജനങ്ങൾക്കായി ഹൌസ് ബോട്ടിൽ നടത്തിയ ഉല്ലാസയാത്രയ്ക്ക് 52,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. Huts In Lake എന്ന ഹൌസ് ബോട്ടിൽ 70 പേരാണ് ഉല്ലാസയാത്ര നടത്തിയതായി രേഖയുള്ളത് ഒരാൾക്ക് ചെലവായ തുക 750/- രൂപ. (70 X750 = 52,500/- രൂപ) പദ്ധതി മാർഗ്ഗ രേഖ പ്രകാരം ഇങ്ങനെയൊരു ഉല്ലാസയാത്ര അനുവദനീയമല്ല.
2) 2023-24 ലും സ്നേഹതീരം എന്ന പദ്ധതിയിൽപ്പെടുത്തി ഇത്തരത്തിൽ ഒരു ഉല്ലാസയാത്ര ഹൌസ് ബോട്ടിൽ സംഘടിപ്പിച്ചിരുന്നു. 2023-24 വർഷം ക്വട്ടേഷൻ മുഖേന ഉല്ലാസയാത്രയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട Blue Rain Cruise എന്ന ഹൌസ് ബോട്ടിൽ 60 പേർക്കായി നടത്തിയ ഉല്ലാസയാത്രയ്ക്ക് ചെലവായത് 39,000/- രൂപ. അതായത് ഒരാൾക്ക് 650/- രൂപ. (60 X650 = 39,000/- രൂപ) 2024-25 വർഷം ഒരാൾക്ക് 750/- രൂപ പ്രകാരം ചെലവായിട്ടുണ്ട്. ഈയിനത്തിൽ മാത്രം 7,000/- രൂപ അധികം ചെലവ് ചെയ്തിട്ടുണ്ട്. 2024-25 വർഷം ക്വട്ടേഷൻ മുഖേനയല്ല ഹൌസ് ബോട്ട് തിരഞ്ഞെടുത്തത്.
3) വയോജനങ്ങൾക്ക് ഓണക്കോടി വിതരണം നടത്തുന്നതിനായി 95 സെറ്റ് ഓണക്കോടികൾ വാങ്ങിയിട്ടുണ്ട് ഇതിനായി 38,000/- (400x95) രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എത്ര പേർക്ക് ഓണക്കോടി വിതരണം നടത്തിയെന്നോ, എത്ര പേർ ടി പരിപാടിയിൽ പങ്കെടുത്തുവെന്നോ തുടങ്ങിയ വിശദാംശങ്ങളൊന്നും തന്നെ ഫയലിനൊപ്പമില്ല.

സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്ക്കർഷിക്കാത്ത വിഷയങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയതിന്മേലും, നടപ്പാക്കിയതിൽ തന്നെ കൂടുതൽ പണം ചെലവാക്കിയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.9/24.11.2025)മറുപടി ലഭ്യമാക്കിയില്ല. 90,500/-രൂപയുടെ (52500+38000)ചെലവ് തടസ്സപ്പെടുത്തുന്നു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്ന വിഷയം ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 ആർദ്ധ്രോയിൽ നിന്നും ജീവൻ രക്ഷാ ഉപകരണങ്ങൾ വാങ്ങിയത് ചട്ടവിരുദ്ധം

| | |
|---|---|
| പ്രോജക്ട് നം. | S0223/25 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | വിവിധ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി |
| അടങ്കൽ | 4,05,000/- (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 3,86,720/- |
| പേമെന്റ് നം. | C032592083494 തീയതി 27.03.2025 Rs. 1,98,091/- |

മെഡിക്കൽ ഓഫീസർ എഫ്എച്ച്സി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി വിവിധ ആവശ്യങ്ങൾക്കായി 3,86,720/- രൂപ 2024-25 വർഷം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 1,97,451/- രൂപയും ചെലവഴിച്ചിട്ടുള്ളത് ആർദ്ധ്രോയിൽ നിന്നും മെഡിക്കൽ സംബന്ധമായ ഉപകരണങ്ങൾ വാങ്ങുന്നതിനാണ്. സപ്ലൈ ഓർഡർ നം.90125/18.03.25 പ്രകാരം വാങ്ങിയ ഉപകരണങ്ങൾ ചുവടെ

ചേർക്കുന്നു.
1) 10 CC Syringe Dispovan
2) 20 CC Syringe Dispovan
3) Foleys Catheter
4) Air Bed
5) Urin Bag
6) Water Bed
7) Walker
8) Walking Stick
9) Wheel Chair

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഇതിനായി ക്വട്ടേഷൻ/ടെൻഡർ ക്ഷണിച്ചതായി കാണുന്നില്ല. 29.09.2023 ലെ ജി.ഒ.(എം.എസ്.)നം.05/2023 എസ്.പി.ഡി. പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കാത്തതോ, ഉത്പാദിപ്പിക്കാത്തതോ ആയ ഉൽപ്പന്നങ്ങൾ ക്വട്ടേഷൻ/ടെൻഡർ കൂടാതെ വാങ്ങാൻ പാടുള്ളതല്ല.

2) ജീവൻ രക്ഷാ ഉപകരണങ്ങൾ വിൽക്കുന്നതിനുള്ള ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ലൈസൻസും മറ്റും ഈ സ്ഥാപനത്തിനുണ്ടോ എന്നതും വ്യക്തമല്ല. ആർക്ഷോയ്ക്ക് ജീവൻ രക്ഷാ ഉപകരണങ്ങൾ വിൽക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ലൈസൻസ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് നൽകേണ്ടതാണ്.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.08/24.11.2025) മറുപടി ലഭ്യമാക്കിയില്ല. പൊതുജനാരോഗ്യത്തെ സംബന്ധിക്കുന്ന ഇത്തരം വാങ്ങലുകളിൽ കുറേക്കൂടി അവധാനത പുലർത്തേണ്ടതാണ്. മെഡിക്കൽ സംബന്ധമായ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 1,97,451/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 മഴക്കാലപൂർവ്വ ശുചീകരണം- അപാകതകൾ

10.05.2024-ലെ ചെക്ക് നമ്പർ 047546 (വൗച്ചർ നം. 2960/24) പ്രകാരം ഓരോ വാർഡിനും 10,000/- രൂപ വീതം 17 വാർഡുകൾക്കുമായി ആകെ 1,70,000/- രൂപ തനത് ഫണ്ടിൽ നിന്നും മഴക്കാല പൂർവ്വ ശുചീകരണങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകളുള്ളതായി കാണുന്നു.

1) ശുചീകരണത്തിനായി ലഭ്യമായ ഫണ്ടുകൾ പൂർണ്ണമായി വിനിയോഗിക്കപ്പെടാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു.ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് | ചെലവഴിച്ച തുക, തീയതി |
|---|---|---|
| 1 | വാർഡ്-10 | 2500/-, 04.06.2024 |
| 2 | വാർഡ്-8 | 6000/-, 26.06.2024 |

2) വാർഡ് – 9 ന്റെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

വാർഡ് 9 – ന്റെ പാസ്ബുക്ക് പ്രകാരം 01.04.2024 ലെ മുന്നിരിപ്പ് 2,320/- രൂപയും 31.03.2025 ലെ നീക്കിയിരിപ്പ് 2,427/-രൂപയും(തൻ വർഷത്തെ പലിശ 107/- രൂപയുൾപ്പടെ) ആണ്. 12.11.2024 ലെ മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സിയുടെ 696/24 നമ്പർ കത്ത് പ്രകാരം 9-ാം വാർഡിന്റെ സാനിറ്റേഷൻ കമ്മിറ്റി ചാർജ്ജ് വഹിച്ചിരുന്ന ശ്രീ.സുരേഷ് എസ്., ജെ.എച്ച്.ഐ ഗ്രേഡ് -1, 14.08.2023 ൽ വാർഡ് തല ചാർജ്ജുകളൊന്നും കൈമാറ്റം ചെയ്യാതെയാണ് സ്ഥലം മാറ്റം ലഭിച്ച് പോയത് എന്നറിയിച്ചിട്ടുണ്ട്. 24.10.2024 ൽ ശ്രീ.പ്രതാപ് രാജ് വി.ആർ.ന് വാർഡ് -9 ന്റെ ചാർജ്ജ് പുന്നപ്ര വടക്ക് കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ നൽകിയിട്ടുണ്ട്. പുന്നപ്ര വടക്ക് കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസറുടെ 04.11.2025 ലെ 464/25 നമ്പർ ഉത്തരവ് പ്രകാരം വാർഡ് 9- ന്റെ ചുമതല നൽകിയിട്ടുള്ള കാലയളവ് (25.10.2024) മുതൽ ശ്രീ.പ്രതാപ് രാജ് വി.ആർ.ന് വാർഡ് -9 ന്റെ ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പുതിയ ബാങ്ക് അക്കൌണ്ട് തുടങ്ങുന്നതിനും, പുതിയ രജിസ്റ്ററുകൾ കൈകാര്യം ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവായിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ പുതിയതായി ആരംഭിച്ച ക്യാഷ് ബുക്ക്, ബാങ്ക് പാസ്ബുക്ക് എന്നിവയാണ് ഓഡിറ്റിന് ഹാജരാക്കിയത്, 2024-25 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ വൗച്ചർ പ്രകാരം 17 വാർഡുകളിലേക്കും 10,000/- രൂപ വീതം നൽകിയിട്ടുണ്ടെങ്കിലും ആയത് പാസ്ബുക്കിൽ രേഖപ്പെടുത്തുകയോ, ചെലവ് സംബന്ധിച്ച് വ്യക്തത വരുത്തുന്ന രേഖകൾ ഹാജരാക്കുകയോ ചെയ്യിട്ടില്ല.

3) 17 വാർഡുകളിലേക്കും തനത് ഫണ്ടിൽ നിന്നുള്ള തുക ആലപ്പി പറവൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.1214 എന്ന സഹകരണ സംഘത്തിലെ

അക്കൗണ്ടിലേക്കാണ് നൽകിട്ടുള്ളത്, ഷെഡ്യൂൾഡ് / നാഷണലൈസ്ഡ് ബാങ്കിലെ അക്കൗണ്ട് മുഖാന്തിരം ട്രാൻസാക്ഷൻ നടത്തേണ്ടതിന് പകരം ശുചിത്വ മിഷൻ വിഹിതം നാഷണലൈസ്ഡ് ബാങ്കിലും തനതുഫണ്ട് വിഹിതം കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലുമാണ് നിക്ഷേപിച്ചിട്ടുള്ളത്. ഫലത്തിൽ 17 വാർഡുകൾക്ക് 17 അക്കൗണ്ടുകൾക്ക് പകരം 34 അക്കൗണ്ടുകളാണ് സൂക്ഷിച്ചുവരുന്നത്.
മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.20/27.11.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. ശുചീകരണത്തിനായി ലഭ്യമാകുന്ന ഫണ്ടുകൾ പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ക്രമ നം.(2) പ്രകാരമുള്ള ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ വാർഡ്-9 നായി ചെലവഴിച്ച 10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 പറവൂർ മാർക്കറ്റ് മാലിന്യ സംസ്കരണം- സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു

| | |
|---|---|
| പ്രോജക്ട് നം. | S0180/25(സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | പറവൂർ മാർക്കറ്റ് മാലിന്യ സംസ്കരണം |
| അടങ്കൽ | 10,00,000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (എസ്.ബി.എം) | 10,00,000 |
| അനുമാന നിരക്ക് | 8,46,636.56 |
| എഗ്രീഡ് റേറ്റ് | 8,46,636.56 |
| എഗ്രിമെന്റ് നം./ തീയതി | 14/AE/LSGD/PNGP/23-24 തീയതി 20.01.2024 |
| ചെലവ് വിവരങ്ങൾ 4,72,204 | 1.സാങ്ഷൻ നം.384 തീയതി 08.10.2024 തുക 3,33,319/- 2.സാങ്ഷൻ നം.891 തീയതി 29.03.2025 തുക 1,38,885/- |
| കരാറുകാരൻ | വി.എസ്.സാബു |

പറവൂർ മാർക്കറ്റ് മാലിന്യ സംസ്കരണംഎന്ന വർക്കിന്റെ എസ്റ്റിമേറ്റ്, ഫയൽ, ഇ-എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, മാർക്കറ്റിൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 4m*2m സൈസിലുള്ള സെപ്റ്റിക് ടാങ്ക് നിർമ്മാണവും 57.8 മീറ്റർ നീളത്തിൽ ഡ്രെയിനേജ് നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരുന്നത്. എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് കരാറുകാരനുമായി 20.01.2024 ൽ എഗ്രിമെന്റ് വെക്കുകയും 30.01.2024 ൽ വർക്ക് സൈറ്റ് കരാറുകാരന് കൈമാറി നൽകുകയും ചെയ്തു. ലെറ്റർ ഓഫ് അക്സെപ്റ്റൻസ് പ്രകാരം പ്രസ്തുത വർക്കിന്റെ കരാർ കാലാവധി 6 മാസമാകയാൽ വർക്ക് പൂർത്തീകരിക്കേണ്ടിയിരുന്നത് 29.07.2024 -നകം ആണ്.

18.06.2024-ൽ കാലാവസ്ഥ അനുകൂലമല്ലാത്തതിനാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ നൽകിയ അപേക്ഷ പരിഗണിച്ച് 19.06.2024 ൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് വർക്ക് 19.12.2024 വരെ ദീർഘിപ്പിച്ചു. തുടർന്ന് 18.12.2024 ൽ ഇന്റർ ലോക്ക് ഇടുന്നതിന് ഫില്ലിംഗ് നടക്കാത്തത് കാരണം വർക്ക് ദീർഘിപ്പിക്കണമെന്ന കാരണം കാണിച്ച് കരാറുകാരൻ വീണ്ടും അപേക്ഷ നൽകി. പ്രസ്തുത അപേക്ഷയും പരിഗണിച്ച് 19.12.2024 ൽ വീണ്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയും വർക്ക് 20.11.2025 വരെ വർക്ക് ദീർഘിപ്പിക്കുകയും ചെയ്തു.

ജി.ഒ.(എം.എസ്) നമ്പർ 21/2024/PWD തീയതി 02.04.2024 സർക്കാർ നിർദ്ദേശപ്രകാരം നീട്ടിയ കാലാവധി (Extension Period) സാധാരണയായി ആദ്യകാലാവധിയുടെ 50 ശതമാനത്തിൽ കവിയാൻ പാടില്ല. എന്നാൽ ഈ വർക്കിൽ കാലാവധി ദീർഘിപ്പിക്കുന്നതിന് രണ്ടു തവണ സപ്ലിമെന്ററി എഗ്രിമെന്റുകൾ വെച്ചിട്ടുണ്ടെങ്കിലും രണ്ടു തവണയായി 20.11.2025 വരെ ഏകദേശം 16 മാസത്തോളം കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. മാത്രമല്ല, കാലാവധി ദീർഘീകരണം യഥാസമയം പഞ്ചായത്ത് ജനറൽ കമ്മിറ്റിയിൽ വെച്ച് അംഗീകാരം വാങ്ങിയിരുന്നില്ല. മേൽ വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7 തീയതി 22.11.2025), കരാറുകാരന്റേതല്ലാത്ത കാരണം മൂലമാണ് പ്രവൃത്തിക്ക് തടസ്സം വന്നിട്ടുള്ളതെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ (05.11.25 ലെ 15(8) നം.തീരുമാനം) അംഗീകാരത്തോട് കൂടിയാണ് കാലാവധി ദീർഘിപ്പിച്ച് നൽകിയതെന്നും അറിയിച്ചു.

എന്നാൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വർക്കിന്റെ യഥാർത്ഥ കാലാവധിയായ 6 മാസത്തിന്റെ 50 ശതമാനത്തിൽ (3 മാസം) കൂടുതൽ കാലയളവിലേക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയ നടപടി അംഗീകരിക്കാൻ കഴിയില്ല. ആകയാൽ ആദ്യത്തെ അനുവദനീയമായ ദീർഘീകരണ കാലയളവിന് ശേഷം 30.10.2024 മുതൽ 20.11.2025 വരെയുള്ള കാലതാമസത്തിന് (387 ദിവസം) പൂർത്തീകരിക്കാനുള്ള ഓരോ ആഴ്ചക്കും 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജായി (846636x5.5%) 46,565/-രൂപ വർക്കിന്റെ ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്ത് ഈടാക്കേണ്ടതാണ്. ലിക്വിഡേറ്റഡ് ഡാമേജ് ഫൈനൽ ബില്ലിൽ നിന്നും ഈടാക്കാത്തപക്ഷം ബിൽ തുക അനുവദിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

## 1-21 സ്നേഹതീരം- സബ്സിഡി മാർഗ്ഗരേഖയും, നടപടിക്രമങ്ങളും പാലിക്കാതെ പദ്ധതി നിർവ്വഹണം

| | |
|---|---|
| പ്രോജക്ട് നം. | S0146/25 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | സ്നേഹതീരം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്എച്ച്.സി) |
| അടങ്കൽ | 39,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 39,000/- |
| ബിആർഎൻ | 24060152014900196054 തീയതി 16.05.2024 Rs. 39,000/- |

മെഡിക്കൽ ഓഫീസർ എഫ്എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ടിൽ ഉൾപ്പെടുത്തി, വയോജനങ്ങൾക്ക് ഹൌസ് ബോട്ടിൽ ഉല്ലാസയാത്ര നടത്തിയതിന്റെ ചെലവിലേയ്ക്കായി 39,000/- രൂപ 2024-25 വർഷം ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ(കൈ.)നം.115/2022/തസ്വ.ഭ.വ. തീയതി 28.05.2022 സബ്സിഡി മാർഗ്ഗരേഖയിൽ വയോജനങ്ങൾക്ക് ഉല്ലാസയാത്ര എന്നത് ഉൾപ്പെട്ടിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെട്ടില്ലാത്ത പ്രോജക്ടുകൾ നൂതന പദ്ധതികൾ എന്ന നിലയിൽ സർക്കാരിൽ നിന്നും പ്രത്യേക അനുമതി ലഭ്യമായാൽ ആവിഷ്കരിക്കാവുന്നതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ സർക്കാരിൽ നിന്നും ഇപ്രകാരം പ്രത്യേക അനുമതി ലഭിച്ചതായും കാണുന്നില്ല. മാത്രമല്ല 2023-24 വർഷം ക്വട്ടേഷൻ മുഖേന ഉല്ലാസയാത്രയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട ബ്ലൂ റെയിൻ ക്രൂയിസ് എന്ന ഹൌസ് ബോട്ടിൽ 60 പേർക്കായി നടത്തിയ ഉല്ലാസയാത്രയ്ക്ക് ചെലവായത് 39,000/- രൂപ (ഒരാൾക്ക് 650/- രൂപ പ്രകാരം 60 X650 = 39,000/-രൂപ) ) ഈ തുക മാറി നൽകിയിട്ടുള്ളത് ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്കല്ല, മറിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ ഡോ. ഫിജി പീറ്ററിന്റെ അക്കൌണ്ടിലേയ്ക്കാണ്. 16.11.2017 ലെ സ.ഉ.(പി) 147/17/ധനം ഉത്തരവ്, 24.11.17 ലെ 83/17/ധനം സർക്കുലർ എന്നിവ പ്രകാരം ബന്ധപ്പെട്ട പേമെന്റ് അന്തിമ ഗുണഭോക്താവിന്/ ഗുണഭോക്താക്കൾക്കാണ് മാറി നൽകേണ്ടത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.11/24.11.2025)മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളിൽ നിഷ്ക്കർഷിച്ചിട്ടില്ലാത്ത ഒരു പ്രോജക്ട് നടപ്പിലാക്കുകയും, അതിനായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ പൊതുപണം ഉപയോഗിച്ചതും തെറ്റായ നടപടിയാണ്. 39,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 സ്വയം തൊഴിലിന് ഇരുചക്രവാഹനം - സബ്സിഡി മാർഗ്ഗരേഖയും, നടപടിക്രമങ്ങളും പാലിക്കപ്പെട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0082/25 |
| പ്രോജക്ടിന്റെ പേര് | സ്വയം തൊഴിലിന് ഇരുചക്രവാഹനം (പട്ടികജാതി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 1,00,000/- (വികസന ഫണ്ട്-എസ്.സി) |
| ചെലവ് | 99,905/- |
| ബിൽ നം. | 16/24-25 തീയതി 10.03.2025 Rs. 99,905/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടിൽ ഉൾപ്പെടുത്തി, രണ്ട് പേർക്ക് ഇരുചക്രവാഹനത്തിനായി ധനസഹായം നൽകിയിട്ടുണ്ട്. ഇതിന്റെ ചെലവിലേയ്ക്കായി 99,905/- രൂപ 2024-25 വർഷം ചെലവഴിച്ചു. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ.(കൈ.)നം.115/2022/തസ്വ.ഭ.വ. തീയതി 28.05.2022 സബ്സിഡി മാർഗ്ഗരേഖ 6-5, ക്രമ നമ്പർ 10 പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നവർക്കാണ് ഇരുചക്രവാഹനത്തിന് ധനസഹായം നൽകേണ്ടത്. എന്നാൽ ധനസഹായം കൈപ്പറ്റിയ ശ്രീ.കാർത്തിക് കെ.ദാസ്, താൻ സ്വിഗിയിൽ ജോലി ചെയ്യുന്നു ആയതിനാൽ ഇരുചക്രവാഹനത്തിന് ധനസഹായം നൽകണമെന്നാണ് അപേക്ഷിച്ചിട്ടുള്ളത്. സ്വയം തൊഴിൽ ചെയ്യുന്നവർക്ക് ധനസഹായം നൽകുക എന്നത് കൊണ്ട് സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം കൂടി ഇത്തരത്തിലുള്ള പ്രോജക്ടുകൾക്ക് ഉണ്ട്. തന്നെയുമല്ല, ടിയാൾ വാങ്ങിയ OLE S1-Pro 2nd Generation (KL04AV 7719) എന്ന ഇരുചക്രവാഹനത്തിന്, ടി വാഹനം വാങ്ങിയതിനുള്ള സഹായധനമായ 50,000/- രൂപ അനുവദിച്ചു നൽകിയിട്ടുള്ളത് വാഹനം വാങ്ങിയ കാർത്തിക് കെ. ദാസിന്റെ പേരിലുള്ള എസ്.ബി.ഐ., കളർകോട് അക്കൌണ്ടിലേയ്ക്കാണ്. 16.11.2017 ലെ സ.ഉ.(പി) 147/17/ധനം ഉത്തരവ്, 24.11.17 ലെ 83/17/ധനം സർക്കുലർ എന്നിവ പ്രകാരം ഇത് അനുവദനീയമല്ല, ബന്ധപ്പെട്ട പേമെന്റ് അന്തിമ ഗുണഭോക്താവിന്/ ഗുണഭോക്താക്കൾക്കാണ് മാറി നൽകേണ്ടത്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തി(നം.12/24.11.2025) ന് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്. ടിയാൻ വാഹനം വാങ്ങിയ സമയത്ത് ഫണ്ടിന്റെ ദൌർലഭ്യം മൂലം പണം നൽകാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ വാഹനം ഗുണഭോക്താവ് വാങ്ങുകയും ചെയ്തു. പിന്നീട് ഫണ്ട് ലഭ്യമായപ്പോൾ വാഹനത്തിന്റെ കടയുടമയുടെ അക്കൌണ്ടിലേയ്ക്ക് പണം (50,000/- രൂപ) നൽകാൻ ശ്രമിക്കുകയുണ്ടായി എന്നാൽ കടയുടമ അത് നിരാകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് 50,000/- രൂപ നൽകുകയാണുണ്ടായതെന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ, പൊതുപണം ചെലവഴിക്കുന്നത് ശരിയായ പ്രവണതയല്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 എവിടെയുമെത്താതെ വെനീസ് ടൂറിസം പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | S0264/25 |
| പ്രോജക്ടിന്റെ പേര് | വെനീസ് ടൂറിസം-പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് കടൽ കായൽ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തൽ-ഒന്നാം ഘട്ടം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 5,00,,000/- (തനത് ഫണ്ട്) |
| ചെലവ് | 1,37,000/- |
| ബിൽ/ചെക്ക് നം. | 001180169069 തീയതി 24.03.2025 Rs. 1,00,000/-<br>CNRBH00036507744/31.03.25 Rs. 37,000/ |

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടിൽ ഉൾപ്പെടുത്തി, 1,37,000/- രൂപ 2024-25 വർഷം ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഇത്രയും പണം ചെലവഴിച്ചതല്ലാതെ നാളിതുവരെ കൂടുതൽ തുടർ നടപടികളൊന്നും ഇതിന്മേൽ നടന്നതായി കാണുന്നില്ല.

പുന്നപ്ര ഗ്രാമപഞ്ചായത്തിലെ കടൽ-കായൽ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തി ഈ മേഖലയെ വികസിപ്പിക്കുന്നതിനായാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ ആദ്യ പടിയായി സർക്കാർ അംഗീകൃത ഏജൻസി മുഖേന ഒരു ഡിപിആർ തയ്യാറാക്കാൻ തീരുമാനിച്ചു. ഡിപിആർ തയ്യാറാക്കുന്നതിന് മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി സ്ക്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിന് 1,00,000/- രൂപ 24.03.2025 ൽ കൈമാറിയിട്ടുണ്ട്. നാളിതുവരെ ഡിപിആർ തയ്യാറാക്കിയതായി കാണുന്നില്ല. ഡിപിആർ തയ്യാറാക്കാതെ പദ്ധതിയുടെ ഒന്നാം ഘട്ട ഉത്ഘാടനം 27.03.2025 ൽ നടത്തിയതിന് താഴെചേർക്കും പ്രകാരം തുക ചെലവഴിച്ചതായി കാണുന്നു. ശിങ്കാരിമേളം 15,000/-, മൈക്ക് സെറ്റ് 22,000/- എന്നീയിനങ്ങളിൽ ആകെ 37,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും, ഡിപിആർ ലഭ്യമായോയെന്നും, തുടർ നടപടികൾ എന്തൊക്കെയാണ് സ്വീകരിച്ചിട്ടുള്ളതെന്നും തുടങ്ങിയ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.25/27.11.2025) മറുപടി ലഭ്യമാക്കിയില്ല. 1,37,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-24 സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത കാര്യങ്ങൾക്ക് പണം ചെലവഴിച്ചു**

| | |
|---|---|
| പ്രോജക്ട് നം. | S0195/25 |
| പ്രോജക്ടിന്റെ പേര് | ലൈബ്രറികൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 80,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 51,283/- |
| ബിആർഎൻ നം. | 24060152014601615370 തീയതി 21.03.2025 |

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടിൽ ഉൾപ്പെടുത്തി, ലൈബ്രറികൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിനായി 51,283/- രൂപ 2024-25 വർഷം വികസന ഫണ്ടിൽ നിന്നും കെൽട്രോണിന് നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

ലൈബ്രറിയിൽ വരുന്ന ജനങ്ങൾക്ക് ഡിജിറ്റൽ സാക്ഷരത നൽകുന്നതിന് ലൈബ്രറി കൌൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഇതിന് വേണ്ടി ഏത് ലൈബ്രറിയാണ് അപേക്ഷ നൽകിയതെന്നോ, ആർക്കാണ് കമ്പ്യൂട്ടർ നൽകിയതെന്നോ ഫയലിൽ രേഖകളില്ല. കമ്പ്യൂട്ടർ നൽകിയ ലൈബ്രറിയ്ക്ക് ലൈബ്രറി കൌൺസിലിന്റെ അംഗീകാരമുള്ളതാണോ എന്നും രേഖകളില്ല. തന്നെയുമല്ല, ഇങ്ങനെ ഒരു പ്രോജക്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടത്താമെന്ന് പദ്ധതി രേഖയിൽ പറയുന്നുമില്ല. പദ്ധതി നടത്തുന്നതിന് സർക്കാർ അനുമതി ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.26/27.11.2025) മറുപടി ലഭ്യമാക്കിയില്ല. 51,283/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-25 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല**

സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷന് വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി പുന്നപ്രയ്ക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0065/25 |
| പ്രോജക്ടിന്റെ പേര് | പുന്നപ്ര ഗ്രാപഞ്ചായത്ത് 1,2,4,8, 15,17 വാർഡുകളിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 14,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം-10,00,000 തനത് ഫണ്ട് 4,00,000) |
| ചെലവ് | 13,32,202/- |
| ബിആർഎൻ നം. | 24060152014601590029 തീയതി 19.03.2025 Rs. 10,00,000 Vr. No.22401713 Rs. 3,32,202/- |

ഈ പദ്ധതിയിൽ തുക നിക്ഷേപിച്ചപ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ കരാർ വിവരങ്ങൾ കൂടി പരിശോധനയ്ക്ക് നൽകേണ്ടതാണെന്നും, പ്രവൃത്തി പൂർത്തിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതും പരിശോധനയ്ക്കായി നൽകേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/27.11.2025) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ 13,32,202/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-26 സാമൂഹ്യ സുരക്ഷാപെൻഷൻ സസ്പെന്റ് ചെയ്യുന്നതിൽ കാലതാമസം**

പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം സാമൂഹ്യ സുരക്ഷാ പെൻഷൻ സസ്പെന്റ് ചെയ്യവരുടെ വിവരം പരിശോധിച്ചതിൽ മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യാൻ കാലതാമസം ഉണ്ടായതായി കാണുന്നു. ആയതിനാൽ പെൻഷണറുടെ മരണശേഷവും തുക അക്കൗണ്ടിലേക്ക് നൽകിയതായി കാണുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര്, പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരിച്ച തീയതി/ സസ്പെന്റ് ചെയ്ത തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | കാർത്ത്യാനി, 104510100648 | കർഷക തൊഴിലാളി പെൻഷൻ | 21.07.2021/20.06.2024 | 08/2021-06/2023വരെയുള്ള തുക അക്കൗണ്ടിൽ നിക്ഷേപിച്ചു(1600X23) |
| 2 | സുഭദ്രാമ്മ ബി, 104510200807 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 27.08.2023/05.06.2024 | 09/2023-12/2023 രെയുള്ള തുക അക്കൗണ്ടിൽ നിക്ഷേപിച്ചു(1600X4) |

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.19/27.11.2025)ക്ക് തുക സർക്കാരിലേക്ക് അടവാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മരണപ്പെടുന്നവർ യഥാസമയം സേവനാപെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്, വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 തെരുവ് വിളക്ക് വാങ്ങൽ - സ്റ്റോക്ക് വിതരണ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം. | S0063/25 |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 18,00,000/- (15,70,820 വികസന ഫണ്ട്, 2,29,180 തനത് ഫണ്ട്) |
| ചെലവ് | 9,91,909/- വികസന ഫണ്ട്, |
| ബിആർഎൻ നം. | 24060152014601078107 തീയതി 21.12.2024 തുക-8,00,000/- 2406015201460154428 തീയതി 15.03.2025 തുക-1,91,909/- |

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടിൽ ഉൾപ്പെടുത്തി, 2024-25 വർഷം 13,97,300/- രൂപയുടെ തെരുവ് വിളക്കുകൾ വാങ്ങിയിട്ടുണ്ട്. ഇതിൽ 2024-25 വർഷം 9,91,909/- രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. അതിൽ തന്നെ 8,00,000/- തെരുവ് വിളക്കുകൾ വാങ്ങിയതിന് മാത്രമായി കുണ്ടറ KEL ന് നൽകിയിട്ടുണ്ട്. (Purchase Order No. A4/7917/4/26-07-2024)

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാങ്ങിയ സാധനങ്ങൾ | എണ്ണം | വില | ആകെ | ഇൻവോയ്സ് നം. |
|---|---|---|---|---|---|
| 1. | LED Street Light 25 W Automatic Operation | 350 | 2795/- | 9,78,250/- | 601/05.10.2024 |
| 2. | LED Street Light 25 W Manual Operation | 170 | 2465/- | 4,19,050/- | 601/05.10.2024 |
| | | | ആകെ | 13,97,300/- | |

ഓഡിറ്റിൽ ഹാജരാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടുള്ള കൌൺസിലർമാരുടെ സാക്ഷ്യപത്രം പ്രകാരം LED Street Light 25 W Automatic Operation വിഭാഗത്തിലുള്ളത് 304 എണ്ണവും, LED Street Light 25 W Manual Operation വിഭാഗത്തിലുള്ളത് 150 എണ്ണവും മാത്രമാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് കാണുന്നു. തന്നെയുമല്ല ഇതിന്റെ സ്റ്റോക്ക് രജിസ്റ്ററോ, മറ്റ് രേഖകളോ ഓഡിറ്റിൽ ഹാജരാക്കിയിട്ടുമില്ല.

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.28/27.11.2025) മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്ററും, വിതരണ

രേഖകളും ഹാജരാക്കുന്നത് വരെ 1,77,870/- രൂപയുടെ (1,28,570 (46x2795) + 49,300 (20x2465) )ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക്/വിതരണ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-28 ബയോഗ്യാസ് പ്ലാന്റ് - പ്രോജക്ട് നടത്തിപ്പിലെ അപാകത**

| | |
|---|---|
| പ്രോജക്ട് നം./പേര് | S0042/25, ഗാർഹിക ബയോഗ്യാസ് പ്ലാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ തുക (ഫണ്ടിനം) | 1) 1,65,240( ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>2) 1,44,585(ഗുണഭോക്തൃ വിഹിതം)<br>**ആകെ - ₹3,09,825** |
| ചെലവ് തുക (ഫണ്ടിനം) | 1) 97,200 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>2) 30,800 (ഗുണഭോക്തൃ വിഹിതം)<br>**ആകെ ചെലവ് - ₹1,28,000** |
| ബിൽ നമ്പർ, തീയതി - തുക | 1) സാംങ്ഷൻ നമ്പർ 794/21.03.25,₹97200<br>2) സാംങ്ഷൻ നമ്പർ 795/21.03.25,₹30800 |

2024-25 സാമ്പത്തികവർഷം പ്രോജക്ട് നം.S0042/25 പ്രകാരം 3,09,825 രൂപ അടങ്കലായി വിഭാവനം ചെയ്ത പ്രോജക്ട് ആണിത്. 17 ഗാർഹിക ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് ലഭ്യമാക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്.

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) 1 ക്യുബിക് മീറ്റർ ശേഷിയുള്ള വാട്ടർ ജാക്കറ്റ് സംവിധാനം ഇല്ലാത്ത പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് അനുമതി. എന്നാൽ ബില്ലിൽ സപ്ലൈ ചെയ്ത പ്ലാന്റിന്റെ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല. ബില്ലിൽ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല . സപ്ലൈ ചെയ്ത സാധനത്തിന്റെ ഗുണനിലവാരം പരിശോധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ ബില്ലിൽ സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല 17 പേർക്കാണ് പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് അനുമതിയെങ്കിലും 10 പേർക്ക് മാത്രമാണ് ഇത് സ്ഥാപിച്ചു നൽകിയത്.

2) 2.12.2024 ൽ വി.ഇ.ഓ ഒന്നാം കക്ഷിയായും പ്രഭാകരൻ റ്റി.കെ., ഇന്നോവേറ്റീവ് എനർജി സിസ്റ്റംസ്, കോൽടാലി, തൃശൂർ രണ്ടാം കക്ഷിയുമായി ഏർപ്പെട്ട കരാറിൽ പ്രോജക്ടിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾക്ക് മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അവബോധവും, മാത്രമല്ല 20.09.2012 ലെ ജി.ഒ.(എം.എസ്.) നം.239/2013/ എൽ.എസ്.ജി.ഡി ഉത്തരവിൽ ഗ്യാരണ്ടിയും രണ്ടാം കക്ഷി നൽകേണ്ടതാണ് എന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും കൃത്യമായ മോണിറ്ററിംഗിലും ബന്ധപ്പെട്ടവരുടെ വ്യക്തമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/25.11.25-ന് 5% തുക ഗ്യാരണ്ടിയായി മാറ്റി വെച്ചിട്ടുള്ളതാണ് എന്ന് മറുപടി നൽകി. എന്നാൽ ആയതിന്റെ രേഖ ഹാജരാക്കിയില്ല. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. ബയോഗ്യാസ് പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമായി നിലനിർത്തേണ്ടതാണെന്ന വസ്തുത ഗുണഭോക്താക്കൾക്ക് മനസ്സിലാക്കി കൊടുക്കുക.

**1-29 രേഖകൾ ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു**

പ്രോജക്ട് നം.-S0132/25
പ്രോജക്ട് പേര് – 15 മീറ്റർ ഒ.എ.എൽ അധികരിക്കാത്ത എഫ്.ആർ.പി മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങുന്നതിന്
നിർവ്വഹണ ഉദ്യോഗസ്ഥൻ : ഫിഷറീസ് ഓഫീസർ
അടങ്കൽ – 2,25,000/- (പൊതുവിഭാഗം - വികസനഫണ്ട്)
ചെലവ് – 2,25,000/- (ബിൽ നം. 24060152015000276273, 15.06.2024)

മത്സ്യത്തൊഴിലാളികൾക്ക് 15 മീറ്റർ ഒ.എ.എൽ അധികരിക്കാത്ത എഫ്.ആർ.പി മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങുന്നതിനായി ആവിഷ്ക്കരിച്ച പ്രോജക്ടിൽ 2,25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധിച്ച വൌച്ചറുകൾ, അപേക്ഷകൾ എന്നിവ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 2,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 പറവൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ കാലയളവ് ദീർഘീകരണം

| | |
|---|---|
| പ്രോജക്ട് നം. | S0081/24 |
| പ്രോജക്ടിന്റെ പേര് | പറവൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം, ഘട്ടം 2 |
| അടങ്കൽ | 35,61,558 |
| വികസന ഫണ്ട് | 35,61,558 |
| അനുമാന നിരക്ക് | 33,31,578.74 |
| എഗ്രീഡ് റേറ്റ് | 30,18,269/- |
| എഗ്രിമെന്റ് നം./ തീയതി | 1/AE/LSGD/PNGP/23-24 തീയതി 03.10.2024 |
| കരാറുകാരൻ | അലൻ മാത്യു |
| ചെലവ് വിവരങ്ങൾ | 1.സാങ്ഷൻ നം.384 തീയതി 08.10.2024 തുക 3,33,319/-<br>2.സാങ്ഷൻ നം.891 തീയതി 29.03.2025 തുക 1,38,885/- |

പറവൂർ മാർക്കറ്റ്ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം -രണ്ടാം ഘട്ടം എന്ന പ്രവർത്തിയിൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ ഫിനിഷിംഗ് പ്രവൃത്തികളും യാർഡ് ഫില്ലിംഗ് പ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിരുന്നത്. ബന്ധപ്പെട്ട ഫയൽ ഇ-എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ 3.10.2023 ൽ എഗ്രിമെന്റ് വെച്ച് 13.10.2023-ൽ വർക്ക് സൈറ്റ് കരാറുകാരന് കൈമാറി നൽകിയിട്ടുണ്ട് ലെറ്റർ ഓഫ് അക്സെപ്റ്റൻസ് പ്രകാരം പ്രസ്തുത വർക്കിന്റെ കരാർ കാലാവധി 11 മാസമാകയാൽ വർക്ക് പൂർത്തീകരിക്കേണ്ടത് 12.09.2024-നകം ആണ്. കരാർ കാലാവധി തീരുന്ന 12.09.2024 ൽ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയും 12.03.2025 വരെ കരാർ ദീർഘിപ്പിക്കുകയും ചെയ്തു. തുടർന്ന് കരാർ കാലാവധി തീരുന്ന 12.03.2025 ൽ വീണ്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയും 12.12.2025 വരെ കാലയളവ് ദീർഘിപ്പിക്കുകയും ചെയ്തു.

ജി.ഒ.(എം.എസ്) നമ്പർ 21/2024/PWD തീയതി 02.04.2024 സർക്കാർ നിർദ്ദേശപ്രകാരം നീട്ടിയ കാലാവധി (Extension Period) സാധാരണയായി ആദ്യകാലാവധിയുടെ 50 ശതമാനത്തിൽ കവിയാൻ പാടില്ല. എന്നാൽ ഈ വർക്കിൽ കാലാവധി ദീർഘിപ്പിക്കുന്നതിന് രണ്ടു തവണ സപ്ലിമെന്ററി എഗ്രിമെന്റുകൾ വെച്ചിട്ടുണ്ടെങ്കിലും രണ്ടു തവണയായി 12.12.2025 വരെ 15 മാസത്തോളം കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. മാത്രമല്ല, കാലാവധി ദീർഘിപ്പിച്ച് നൽകിയത് യഥാസമയം പഞ്ചായത്ത് ജനറൽ കമ്മറ്റിയിൽ വെച്ച് അംഗീകാരം വാങ്ങിയിരുന്നില്ല. മേൽ വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 തീയതി 24.11.2025), ലഭ്യമാക്കിയ മറുപടിയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം സ്റ്റേജ് 1 പ്രവൃത്തി പൂർത്തീകരിക്കുന്നത് 14.02.2024 ആയിരുന്നുവെന്നും ഇതിനുശേഷം 15.03.2024 തീയതിലാണ് സ്റ്റേജ്-2 പ്രവൃത്തി ആരംഭിച്ചിട്ടുള്ളതെന്നും യാർഡ് ഫില്ലിംഗ് പ്രവൃത്തികൾക്ക് തുടർച്ചയായ മഴ കാരണം കാലതാമസം വന്നിട്ടുണ്ടെന്നും അറിയിച്ചു. കാലാവധി ദീർഘിപ്പിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ (05.11.25 ലെ 15(8) നം.തീരുമാനം) അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചു.
നിലവിലുണ്ടായിരുന്ന സ്റ്റേജ് 1 വർക്ക് പൂർത്തീകരിച്ച 14.02.2024 ന് ശേഷം സ്റ്റേജ് 2 പ്രവൃത്തി ആരംഭിച്ച 15.03.2024 തീയതി മുതൽ കരാർകാലാവധിയായ 11 മാസം പിന്നിട്ട് 14.02.25 ന് വർക്ക് പൂർത്തീകരിക്കേണ്ടിയിരുന്നു. സർക്കാർ നിർദ്ദേശപ്രകാരം എക്സ്റ്റൻഷൻ (Extension Period) സാധാരണയായി ആദ്യകാലാവധിയുടെ 50 ശതമാനത്തിൽ കവിയാൻ പാടില്ല. മേൽപ്പറഞ്ഞ പ്രകാരം ദീർഘീകരണ കാലയളവ് അനുവദിക്കാവുന്നത് 1.08.25 വരെയാണ്. എന്നാൽ വർക്കിന് എക്സെറ്റൻഷൻ അനുവദിച്ചിരിക്കുന്നത് 12.12.2025 വരെയാണെന്നും നിലവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫൈനൽ ബിൽ അംഗീകാരം നൽകിയിട്ടില്ലെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ആകയാൽ 1.08.2025 മുതൽ

വന്നിട്ടുള്ള കാലതാമസം കണക്കാക്കി (പൂർത്തീകരിക്കാൻ ആവശ്യമായ ഓരോ ആഴ്ചക്കും 0.1% നിരക്കിൽ) ലിക്വിഡേറ്റഡ് ഡാമേജ്, ഫൈനൽ ബിൽ തുകയിൽ നിന്നും കിഴിവ് വരുത്തി ഈടാക്കേണ്ടതാണ്.

## 1-31 വീട് വാസയോഗ്യമാക്കൽ ജനറൽ-അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ (ജനറൽ) |
| പ്രോജക്ട് നമ്പർ | S0006/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ(വാടയ്ക്കൽ) |
| അടങ്കൽ | ₹20,40,000(വികസന ഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹15,80,000 |
| ബിൽ നമ്പർ,തീയതി | 2024-25 വർഷത്തെ വിവിധ ബില്ലുകൾ |

താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ വീട് മെയിന്റനൻസിന് തുക കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയില്ല.

| | |
|---|---|
| സെബാസ്റ്റ്യൻ കെ.ജി., കുറുപ്പശ്ശേരിൽ | ₹20,000 |
| ആന്റണി അഗസ്റ്റിൻ, കുഞ്ഞഞ്ഞിലിക്കൽ | ₹20,000 |

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/27.11.25 'ക്ക് ടി തുക വിനിയോഗിച്ച് വീട് റിപ്പയർ ചെയ്യാതിരുന്നതിനെ തുടർന്ന് പല തവണ രജിസ്റ്റേഡ് കത്ത് മുഖേനയും നേരിട്ട് ആവശ്യപ്പെട്ടിട്ടും ഇവർ വീട് റിപ്പയർ പൂർത്തീകരിച്ചില്ല. ടി ആളുകളിൽ നിന്ന് തുക തിരികെ അടവാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കരിക്കണമെന്ന് സെക്രട്ടറിക്കും ഭരണസമിതിക്കും കത്ത് നൽകിയതായി മറുപടി നൽകി. തുക ഈടാക്കി അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭൂരഹിത ഭവനരഹിത പദ്ധതി (ജനറൽ) |
| പ്രോജക്ടിന്റെ നമ്പർ | S0024/25 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വി.ഇ.ഒ.(വാടയ്ക്കൽ) |
| അടങ്കൽ | ആകെ-₹3,02,00,000<br>-----------------------------------<br>വികസന ഫണ്ട്- ₹11,66,712<br>സംസ്ഥാനാവിഷ്കൃത ഫണ്ട്-₹1,17,00,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-₹30,00,000<br>ജില്ലാ പഞ്ചായത്ത് വിഹിതം-₹30,00,000<br>മറ്റുള്ളവ -₹1,13,33,288 |
| ചെലവ് | ആകെ-₹16,53,288<br>-----------------------------------<br>വികസന ഫണ്ട്- ₹11,66,712<br>സംസ്ഥാനാ വിഷ്കൃത ഫണ്ട്-₹4,86,576<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-₹0<br>ജില്ലാ പഞ്ചായത്ത് വിഹിതം-₹0 |

| | |
|---|---|
| | മറ്റുള്ളവ-₹0 |
| ബില്ല് നമ്പർ | മേൽ ചെലവിലെ 2024-25 വർഷത്തെ വിവിധ ഇനം ബില്ലുകൾ |

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| ഗുണഭോക്താവിന്റെ പേര്, മേൽ വിലാസം | വാർഡ് നമ്പർ | കൈപ്പറ്റിയ ആനുകൂല്യം | റിമാർക്സ് | തുക കൈപ്പറ്റിയ വർഷം |
|---|---|---|---|---|
| ബേയ്സൽ ജോസഫ്, തയ്യിൽ | 18 | 40,000 | നാളിതുവരെ നിർമ്മാണം ആരംഭിച്ചില്ല | 2023-24 |
| രാജി വി.വി., തുമ്പിൽ വീട് | 8 | 40,000 | നാളിതുവരെ നിർമ്മാണം ആരംഭിച്ചില്ല. | 2023-24 |
| പ്രഭാകുമാരി, നില വീട് വെളി | 9 | 40,000<br>60,000- | പണി ആരംഭിച്ചെങ്കിലും ലെൻഡെൽ വരെ മാത്രമേ പൂർത്തിയാക്കിയുള്ളൂ | 2024-25 |

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 22/27.11.25)ക്ക് ടി തുക വിനിയോഗിച്ച് വീട് നിർമ്മാണം പൂർത്തിയാക്കാത്തതിനെ തുടർന്ന് പല തവണ രജിസ്റ്റേഡ് കത്ത് മുഖേനയും നേരിട്ട് ആവശ്യപ്പെട്ടിട്ടും ഇവർ വീട് നിർമ്മാണം പൂർത്തീകരിച്ചില്ല. ടി ആളുകളിൽ നിന്ന് തുക തിരികെ അടവാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കണമെന്ന് സെക്രട്ടറിക്കും ഭരണസമിതിക്കും കത്ത് നൽകിയതായും മറുപടി നൽകി. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**<u>1-33 ഹെൽത്ത് ഗ്രാന്റ് - അവലോകനം</u>**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ഹെൽത്ത് ഗ്രാന്റ് രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം-3), കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (സ്കീം-4) എന്നീ പദ്ധതികളിലൂടെ ചെലവഴിക്കപ്പെട്ടു. ഗ്രാമ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗ്രാന്റ് സ്കീമിന്റെ പേര് | ലഭിച്ച ഗ്രാന്റ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2022-23 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3) | 2,97,043 | 1,09,633 | 1,87,410 |
| 2022-23 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ (സ്കീം 4) | 1,67,355 | 1,35,956 | 31,399 |
| 2023-24 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3) | 9,91,135 | 1,07,707 | 8,83,428 |
| 2023-24 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ (സ്കീം 4) | 4,10,895 | 29,023 | 3,81,872 |
| 2024-25 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3) | 14,56,679 | 5,52,566 | 9,04,113 |

| | | | | |
|---|---|---|---|---|
| 2024-25 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ (സ്കീം 4) | 10,49,000 | 3,86,720 | 6,62,280 |

ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി തദ്ദേശസ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം

| വർഷം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 2022-23 | ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 2,97,043 | 1,09,633 |
| 2022-23 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ | 1,67,355 | 1,35,956 |
| 2023-24 | ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 9,91,135 | 1,07,707 |
| 2023-24 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ | 4,10,895 | 29,023 |
| 2024-25 | ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 4,07,000 | 0 |
| 2024-25 | ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്പിൽ ഓവർ) | 75,679 | 74,739 |
| 2024-25 | ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്പിൽ ഓവർ) | 9,74,000 | 4,77,827 |
| 2024-25 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ | 6,44,000 | 0 |
| 2024-25 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ(സ്പിൽ ഓവർ) | 4,05,000 | 3,86,720 |

**ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതിയും ഫലപ്രാപ്തിയും**

2022-23, 2023-24 ,2024-25 സാമ്പത്തിക വർഷങ്ങളിൽ സ്കീം-3, സ്കീം-4 എന്നീ ഇനങ്ങളിലാണ് തുക ലഭ്യമായത്. ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ഉപകരണങ്ങൾ വാങ്ങിയത് ജീവനക്കാരുടെ ജോലി സുഗമമാക്കാനും അതുപോലെ തന്നെ ലാബ് റീ ഏജൻറ്, ടെസ്റ്റ് കിറ്റ്, അനുബന്ധ സാധന സാമഗ്രികൾ എന്നിവ ലഭ്യമാക്കിയതിലൂടെ മെച്ചപ്പെട്ട രോഗനിർണ്ണയ സൗകര്യം രോഗികൾക്ക് നൽകുന്നതിനും സഹായകമായിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്ത് നാളിതുവരെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

**ശിപാർശകൾ**

എഫ്.എച്ച്.സി.യുടെ മേൽനോട്ടത്തിൽ ആകെ അഞ്ച് സബ്സെന്ററുകൾ മാത്രമാണ് പ്രവർത്തിയ്ക്കുന്നത്. ഇവയിൽ രണ്ടെണ്ണം പഞ്ചായത്തിന്റെ തന്നെ കെട്ടിടത്തിലും, രണ്ടെണ്ണം വാടകയില്ലാതെ പൊതുസ്ഥാപനങ്ങളിലും ഒരെണ്ണം എഫ്.എച്ച്.സി.യുടെ കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. അനുയോജ്യമായ സ്ഥലം കണ്ടെത്തി സബ്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാന്റ് ഉപയോഗപ്പെടുത്താവുന്നതാണ്. അതുവഴി കൂടുതൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തി ചികിത്സ മെച്ചപ്പെടുത്താവുന്നതാണ്.

സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഹെൽത്ത് ഗ്രാന്റ് കാര്യക്ഷമമായി വിനിയോഗിച്ച് മികച്ച ആരോഗ്യപരിപാലന സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനും, അതുവഴി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട രോഗ നിർണ്ണയ/

ആരോഗ്യ പരിപാലന സംവിധാനങ്ങൾ ലഭ്യമാക്കുന്നതിനും ഊർജ്ജിത നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

**1-34 ജല ജീവൻ മിഷൻ- അവലോകനം**

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**ജൽജീവൻ മിഷൻ - കേരളം**

ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024-നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യം. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

**ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ**

സ.ഉ.(കൈ)നം.37/2020/ജ.വി.വ./08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽ ജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്ത്തല കർമ്മ പദ്ധതി" നാളിതുവരെ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.

**നിർവ്വഹണ സഹായ ഏജൻസി**

ജൽ ജീവൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണവും ശാക്തീകരണവും, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണ പരിപാടികൾ, ജലഗുണനിലവാര പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക സംഘാടന പരിപാടികളിൽ ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ സഹായ സംഘടനകളാണ്. ഇടുക്കി കഞ്ഞിക്കുഴി ആസ്ഥാനമായി പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ ഓറിയന്റേഷൻ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് (SORD) എന്ന സ്ഥാപനത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ മെമ്പർ സെക്രട്ടറി, നിർവ്വഹണ സഹായ ഏജൻസി എന്നിവർ ചേർന്നുള്ള ത്രികക്ഷി കരാറിൽ ഏർപ്പെട്ടു വേണം പദ്ധതി ആരംഭിക്കേണ്ടത്. ഭൂരിഭാഗവും നിലവിലുള്ള സ്രോതസ്സിന്റെ കാലഹരണപ്പെട്ട വിതരണ കുഴലുകൾ മാറ്റുന്ന പ്രവൃത്തി ആയതിനാൽ കുടിവെള്ള വിതരണം തടസ്സമില്ലാതെ നടത്താൻ സാധിക്കുന്നു എന്നതാണ് പദ്ധതിയുടെ മറ്റൊരു പ്രത്യേകത.

**പദ്ധതി വിലയിരുത്തൽ**

2020-21 മുതൽ 2024-25 വരെ ജൽ ജീവൻമിഷൻ പദ്ധതിയ്ക്കായി തുക വകയിരുത്തുകയോ, ചെലവഴിക്കുകയോ വിഹിതം നൽകുകയോ ചെയ്തിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതി വഴി എല്ലാവർക്കും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്താനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ആർദ്രം- ഡോക്ടർക്കും, നേഴ്സിനും നൽകിയത് അനുവദനീയമായതിലും അധിക വേതനം

| | |
|---|---|
| പ്രോജക്ട് നം. | S0033/25 |
| പ്രോജക്ടിന്റെ പേര് | ആർദ്രം-ഡോക്ടർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വേതനം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ എഫ്എച്ച്സി |
| അടങ്കൽ | 13,39,140/-<br>(9,36,740/- (വികസന ഫണ്ട്) 4,02,400/- (തനത് ഫണ്ട്) |
| ചെലവ് | 12,23,843/-<br>(8,21,443/- (വികസന ഫണ്ട്) + 4,02,400/- (തനത് ഫണ്ട്) |
| ബിആർഎൻ/ ബിൽ നം. | 2406015201490065866/തീയതി 11.06.2024 Rs. 1,14,900/-<br>2406015201490065866/തീയതി 02.07.2024 Rs. 1,14,900/-<br>2406015201490065866/തീയതി 01.08.2024 Rs. 1,14,900/-<br>43/24-25/ തീയതി 02.12.2024/ Rs. 11,72,20/-<br>41/24-25/ തീയതി 03.12.2024/ Rs. 11,72,20/-<br>24060152014901020861/തീയതി 12.12.2024 Rs. 11,72,20/-<br>24060152014901051017/തീയതി 17.12.2024 Rs. 11,72,20/-<br>24060152014901449960/തീയതി 06.03.2025 Rs. 53,890/-<br>24060152014901450002/തീയതി 06.03.2025 Rs. 83,687/-<br>24060152014901449968/തീയതി 07.03.2025 Rs. 98,726/- |

മെഡിക്കൽ ഓഫീസർ എഫ്എച്ച്സി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ഡോക്ടർക്കും പാരാമെഡിക്കൽ സ്റ്റാഫിനും വേതനം നൽകുന്നതിനായി 12,23,843/- രൂപ 2024-25 വർഷം ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എഫ്എച്ച്സിയിൽ കരാർ പ്രകാരം നിയമിതയായ മെഡിക്കൽ ഓഫീസർ ഡോ.എൻ.നിഷാനി, നേഴ്സിംഗ് ഓഫീസർ ശ്രീമതി ആതിര വി.എ., ഫാർമസിസ്റ്റ് ലക്ഷ്മി ലാൽ എന്നിവർക്ക് വേതനം നൽകുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ജി.ഒ.(പി) 29/21/ഫിൻ തീയതി 11.02.2021, സർക്കുലർ നമ്പർ ഡിബി3/143/2023/ത.സ്വ.ഭ.വ. തീയതി 10.07.2023 എന്നിവ പ്രകാരം കരാർ നിയമിതയായ ഡോക്ടർക്ക് പരമാവധി നൽകുവാൻ കഴിയുന്ന പ്രതിമാസ വേതനം 57,525/- രൂപയും, നേഴ്സിന് നൽകുവാൻ കഴിയുന്ന തുക 30,995/- രൂപയുമാണ്. എന്നാൽ ഇവിടെ ഡോക്ടർക്ക് 63,700/- രൂപയും, നേഴ്സിന് നേഴ്സിംഗ് ഓഫിസർ എന്ന പേരിൽ 39,300/- രൂപയുമാണ് വേതനമായി നൽകിയിരിക്കുന്നത്. ഡോക്ടർക്ക് വേതനമിനത്തിൽ മാസം തോറും അധികമായി നൽകിയത് 6,175/- രൂപ, നേഴ്സിന് അധികമായി നൽകിയത് 8,305/- രൂപ.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/ തസ്തിക | ശമ്പളം കൈപ്പറ്റിയ കാലയളവ് | നൽകാവുന്ന വേതനം | നൽകിയ വേതനം | അധികം നൽകിയ വേതനം |
|---|---|---|---|---|---|
| 1. | ഡോ.എൻ. നിഷാനി മെഡിക്കൽ ഓഫീസർ | 05/2024 മുതൽ 11/2024 വരെ | 57525x 7= 4,02,675/- | 63700x7= 4,45,900 | 6175/-X7= 43,225/- |
| 2. | ആരതി വി.എ. നേഴ്സിംഗ് ഓഫീസർ | 05/2024 മുതൽ 02/2025 വരെ | 30995x10= 3,09,950/- | 39,300x10= 3,93,000/- | 8,305x10= 8,3050/- |
| | ആകെ | | | | 1,26,275/- |

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.14/24.11.2025) മറുപടി ലഭ്യമാക്കിയില്ല. ശമ്പളമിനത്തിൽ അധികം നൽകിയ 1,26,275/- രൂപ നിരാകരിക്കുന്നു.

## 3-2 സമാന സ്വഭാവമുള്ള പദ്ധതികൾക്കായി വിവിധ പ്രോജക്റ്റുകൾ-നടത്തിപ്പിലും അപാകതകൾ

| | |
|---|---|
| (1) പ്രോജക്റ്റ് നം. | S0049/25 |
| പ്രോജക്റ്റിന്റെ പേര് | വയോജനങ്ങൾക്ക് യോഗപരിശീലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്എച്ച്സി |
| അടങ്കൽ | 1,70,270/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 1,08,240/- |
| ബിൽ നം. | 48/24-25/തീയതി 13.12.24 18,500/-<br>50/24-25/തീയതി 13.01.25 11,500/-<br>52/24-25/തീയതി 13.01.25 4,240/-<br>74/24-25/തീയതി 15.03.25 12,500/-<br>75/24-25/തീയതി 15.03.25 38,000/-<br>78/124-25/തീയതി 15.03.25 23,500/- |

| | |
|---|---|
| (2) പ്രോജക്റ്റ് നം. | S0037/25 |
| പ്രോജക്റ്റിന്റെ പേര് | വനിതകൾക്ക് യോഗപരിശീലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്എച്ച്സി) |
| അടങ്കൽ | 1,44,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 1,44,000/- |
| ബി ആർ എൻ | 24060152014901020841/തീയതി 12.12.24/22,500/-<br>24060152014901021517/തീയതി 12.12.24/27,000/-<br>2406015201490149917/തീയതി 06.03.25/49,000/-<br>24060152014901449929/തീയതി 07.03.25/25,000/-<br>24060152014901450031/തീയതി 07.03.25/20,500/- |

മെഡിക്കൽ ഓഫീസർ (എഫ്എച്ച്സി) നിർവ്വഹണം നടത്തിയ മേൽ രണ്ട് പ്രോജക്ടുകളിൽ ഉൾപ്പെടുത്തി, ആകെ 2,52,240/-രൂപ (1,08,240+ 14,4,000) ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സമാന സ്വഭാവമുള്ള ഒരു പദ്ധതി രണ്ടു വ്യത്യസ്ഥ പദ്ധതികളായി നടപ്പാക്കുന്നതിലൂടെ പൊതുപണത്തിന്റെ ദുർവ്യയമാണ് നടന്നിട്ടുള്ളത്. വയോജനങ്ങൾക്ക്/വനിതകൾക്ക് യോഗ പരിശീലനം എന്ന ഈ പദ്ധതിയിലേയ്ക്ക് യോഗ ഇൻസ്ട്രക്ടറായി ശ്രീമതി ലിസിമോൾ. വി.എം., പള്ളിപ്പറമ്പിൽ, പുന്നപ്ര എന്ന വ്യക്തിയെ നിയമിച്ചിട്ടുണ്ട്. ഈ തസ്തികയിലേയ്ക്ക് ടിയാൾ മാത്രമാണ് അപേക്ഷിച്ചിട്ടുള്ളതെന്നാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ള പ്രൊസീഡിംഗ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചതായോ, അത് പ്രസിദ്ധീകരിച്ചതായോ ഫയലിൽ രേഖകളില്ല. ഈ രണ്ടു പദ്ധതിയിലേയ്ക്കും ഒരാൾ മാത്രം, ഒരേ ദിവസം 24.07.24, അപേക്ഷ നൽകുകയും, ടിയാളെത്തന്നെ നിയമിക്കുകയുമാണ് ചെയ്തിട്ടുള്ളത്. യോഗ ഇൻസ്ട്രക്റ്ററായി നിയമിക്കപ്പെടുന്നയാൾക്ക് BNYS (Bachelor Of Naturopathy And Yogic Sciences) ൽ ബിരുദമോ, യോഗ അസോസിയേഷൻ/സ്പോർട്ട്സ് കൌൺസിലിന്റെ അംഗീകാരമോ യോഗ്യതയായി സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ യോഗ്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അതു പോലെ ഒരു ക്ലാസ്സിന് 500/- രൂപ എന്ന നിരക്കിലാണ് ടിയാളെ നിയമിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ 115/2002/LSGD തീയതി 28.05.2022 ഖണ്ഡിക 7-6-5 പ്രകാരം യോഗ പരിശീലനത്തിന് ഒരു സെഷന് നൽകാവുന്ന തുക 400/- രൂപയും, ഒരു മാസം പരമാവധി നൽകാവുന്ന തുക 12,000/- രൂപയുമാണെന്നിരിക്കെ അത്തരത്തിലുള്ള സർക്കാർ നിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് ടിയാൾക്ക് പ്രതിദിന/മാസ വേതനം നൽകിയിട്ടുള്ളത്. 2024 ഒക്ടോബർ മാസം മാത്രം രണ്ട് പ്രോജക്ടുകളിൽ നിന്നായി 38,500/- രൂപയാണ് വേതനമായി നല്കിയിട്ടുള്ളത്. സമാന സ്വഭാവമുള്ളതും, ജോലിയിൽ പ്രത്യേകവും, പ്രകടവുമായ വ്യത്യാസമൊന്നുമില്ലാത്ത ഈ രണ്ട് പ്രോജക്ടിലും ഉൾപ്പെടുത്തി ഒരേ ദിവസം ക്ലാസ്സ് എടുത്തതിന് രണ്ട് വേതനമാണ് എല്ലാ ദിവസങ്ങളിലും നൽകിയിട്ടുള്ളത്.

വനിതകൾക്കും, വയോജനങ്ങൾക്കും പ്രത്യേകം പദ്ധതികൾ വിഭാവനം ചെയ്തെങ്കിലും, വയോജനങ്ങൾക്കായുള്ള യോഗ പരിശീലനത്തിൽ ആകെ പങ്കെടുത്തത് 11 മുതൽ 14 പേർ വരെയാണ് അതിൽ തന്നെ 3 പേർ മാത്രമാണ് പുരുഷൻമാർ. വയോജനങ്ങളിൽപ്പെടുന്ന വനിതകളെക്കൂടി ഉൾപ്പെടുത്തി വനിതകൾക്കുള്ള യോഗ പദ്ധതി നടപ്പിലാക്കാമെന്നിരിക്കെ അതിനായി പ്രത്യേക പദ്ധതി രൂപീകരിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. അതു പോലെ ഒരു മാസം ഒരു പ്രോജക്ടിൽപ്പെടുത്തി രണ്ടു വാർഡുകളിൽ ക്ലാസ്സ് എടുത്തു എന്ന കാരണത്താൽ 54 ക്ലാസ്സുകൾക്ക് വരെ വേതനം വാങ്ങിയിട്ടുണ്ട്. ഈ ക്ലാസ്സുകൾ എവിടെ വെച്ചു നടത്തിയെന്നോ, എത്ര നേരം നടത്തിയെന്നോ എന്നതിനെ സംബന്ധിച്ച യാതൊരു വിവരങ്ങളും ഫയലിലില്ല. രണ്ടു പ്രോജക്റ്റുകളിലും മറ്റ് ചെലവുകൾക്കായി നീക്കി വെച്ച 4,240/- കിഴിച്ച് 2,48,000/- രൂപയും ചെലവഴിച്ചിട്ടുള്ളത് വേതനം നൽകുന്നതിനാണ്. ഈ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം. 13/24.11.2025 ന് മറുപടി ലഭ്യമാക്കിയില്ല.

ക്ലാസ്സ് നടത്തിയതിന്റെ വിശദാംശങ്ങളും അധികം നൽകിയ തുകയും ചുവടെ ചേർക്കുന്നു.

1) വയോജനങ്ങൾക്ക് യോഗപരിശീലനം (പ്രോജക്ട് നം. S0049/25 )

| ക്രമ നം. | ക്ലാസ്സ് നടന്ന കാലയളവ് | പങ്കെടുത്ത വരുടെ എണ്ണം | ക്ലാസ്സ് എടുത്ത സെഷനുകളുടെ എണ്ണം/ | വേതനമായി അനുവദിച്ച തുക @500/- (ബിൽ നം.) | അനുവദിക്കാവുന്ന തുക @400/- | വേതനമിനത്തിൽ അധികം നൽകിയ തുക (രൂ.) |
|---|---|---|---|---|---|---|
| 1. | 08.08.2024 To 31.08.2024 | 14 | 17 | 17x500= 8500/- 48/13.12.24 | 17x400= 6800/- | 1,700/- |
| 2. | 01.09.2024 To 30.09.2024 | 11 | 20 | 20x500= 10,000/- 48/13.12.24 | 20x400= 8,000/- | 2,000/- |
| 3. | 01.10.2024 To 31.10.2024 | 14 | 23 | 23x500 = 11,500/- 50/13.01.25 | 23x400 = 9,200/- | 2,300/- |
| 4. | 01.11.2024 To 30.11.2024 | 15 | 25 | 25x500= 12,500/- 74/15.03.25 | 25x400 = 10,000/- | 2,500/- |

| | | | | | | |
|---|---|---|---|---|---|---|
| 5. | 01.12.2024 To 31.12.2024 | 35 | 25 Ward No.7 23 ക്ലാസ്സ് Ward No.14 2ക്ലാസ്സ് | 25x500= 12,500/- 75/15.03.25 | 25x400 = 10,000/- | 2,500/- |
| 6. | 01.01.2025 To 31.01.2025 | 40 | 51 Ward No.7 25 ക്ലാസ്സ് Ward No.14 26ക്ലാസ്സ് | 51x500 = 25,500/- 75/15.03.25 | 51x400 = 20,400/- (പരമാവധി ഒരു മാസം നൽകാവുന്ന തുക 12,000/- മാത്രം.) | 13,500/- |
| 7. | 01.02.2025 To 28.02.2025 | 38 | 47 Ward No.7 23 ക്ലാസ്സ് Ward No.14 24ക്ലാസ്സ് | 47x500 = 23500/- 78/15.03.25 | 47x400 =18800/- (പരമാവധി ഒരു മാസം നൽകാവുന്ന തുക 12000/- മാത്രം.) | 11,500/- |
| | ആകെ അധികം നൽകിയ തുക | | | | | 36,000/- |

2) വനിതകൾക്കായുള്ള യോഗപരിശീലനം (പ്രോജക്ക് നം. S0037/25)

| ക്രമ നം. | ക്ലാസ്സ് നടന്ന കാലയളവ് | പങ്കെടുത്തവരുടെ എണ്ണം | ക്ലാസ്സ് എടുത്ത സെഷനുകളുടെ എണ്ണം/ | വേതനമായി അനുവദിച്ച തുക @500/- | അനുവദിക്കാവുന്ന തുക @400/- | വേതനമിനത്തിൽ അധികം നൽകിയ തുക (രൂ.) |
|---|---|---|---|---|---|---|
| 1. | 08.08.2024 To 31.08.2024 | 21 | 17 | 17x500= 8,500/- | 17x400= 6,800/- | 1,700/- |
| 2. | 01.09.2024 To 30.09.2024 | 53 | 28 | 28x500= 14,000/- | 28x400= 11200/- | 2,800/- |
| 3. | 01.10.2024 To 31.10.2024 | 92 | 54 (Ward No.7 27 ക്ലാസ്സ് Ward No.14 27ക്ലാസ്സ് | 54x500 = 27,000/- | 54x400 = 21,600/- (പരമാവധി ഒരു മാസം നൽകാവുന്ന തുക 12,000/- മാത്രം.) | 15,000/- |
| 4. | 01.11.2024 To 30.11.2024 | 77 | 52 | 52x500= 26,000/- | 52x400 = 20800/- (പരമാവധി ഒരു മാസം നൽകാവുന്ന തുക 12,000/- മാത്രം.) | 14,000/- |
| 5. | 01.12.2024 To 31.12.2024 | 35 | 46 | 46x500= 23,000/- | 46x400 = 18,400/- (പരമാവധി ഒരു മാസം നൽകാവുന്ന തുക 12,000/- മാത്രം.) | 11,000/- |
| 6. | 01.01.2025 To 31.01.2025 | 30 | 50 Ward No.3 25 ക്ലാസ്സ് Ward No.13 | 50x500 = 25,000/- | 50x400 = 20,000/- (പരമാവധി ഒരു മാസം നൽകാവുന്ന | 13,000/- |

| | | | | | | |
|---|---|---|---|---|---|---|
| | | | 25ക്ലാസ്സ് | | തുക 12,000/- മാത്രം.) | |
| 7. | 01.02.2025 To 28.02.2025 | 30 | 48<br>Ward No.3<br>24 ക്ലാസ്സ്<br>Ward No.13<br>24ക്ലാസ്സ് | 48x500 = 24,000/- | 48x400 =19200/- (പരമാവധി ഒരു മാസം നൽകാവുന്ന തുക 12,000/- മാത്രം.) | 12,000/- |
| | ആകെ അധികം നൽകിയ തുക | | | | | 69,500/- |

രണ്ടു പ്രോജക്ടുകളിൽ നിന്നായി വേതനമിനത്തിൽ അധികം നൽകിയ 36,000+69,500 = 1,05,500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഒരേ സ്വഭാവമുള്ള പ്രോജക്ടുകൾ വിവിധ പ്രോജക്ടുകളായി നിർവ്വഹണം നടത്തുന്നത് പൊതു പണം ദുർവ്യയം ചെയ്യുന്നതായി കണക്കാക്കുന്നതാണ്. തുടർ വർഷങ്ങളിൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. മേൽ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് - അവലോകനം

I) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 16 | 88,500/- | 88,500/- | 0 | ഇല്ല |

01.04.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

Ii) മെഡിസെപ് പ്രീമിയം - ഒടുക്ക്

(01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ) - ഇല്ല

Iii) മെഡിസെപ് പ്രീമിയം - ഒടുക്ക്

(01.07.2024 -ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ) - ഇല്ല

Iv) മെഡിസെപ് പ്രീമിയം - ഒടുക്ക്

(01.08.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ) - ഇല്ല

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 4,90,000 | പ്രോജക്ട് നം.S0027/25, ലൈഫ് ഭവന നിർമ്മാണം-എസ്സി | 4,90,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 19,90,683 | പ്രോജക്ട് നം.S0008/25, ലൈഫ് ഭവന നിർമ്മാണം-ജനറൽ | 19,90,683 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 1,50,000 | പ്രോജക്ട് നം.S0005/25, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,50,000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 1,43,471 | പ്രോജക്റ്റ് നം.S0002/25, അനുപൂരക പോഷകാഹാരം | 1,43,471 | 0 |
| ആകെ | | 27,74,154 | | 27,74,154 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 4,20,000 | പ്രോജക്റ്റ് നം.S0027/25, ലൈഫ് ഭവന നിർമ്മാണം-എസ്‌സി | 4,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 21,41,203 | പ്രോജക്റ്റ് നം.S0008/25, ലൈഫ് ഭവന നിർമ്മാണം-ജനറൽ | 21,41,203 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1,80,000 | പ്രോജക്റ്റ് നം.S0005/25, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1,00,000 | പ്രോജക്റ്റ് നം.S0002/25, അനുപൂരക പോഷകാഹാരം | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 50,000 | പ്രോജക്റ്റ് നം.S0036/25, പാലിന് സബ്സിഡി | 50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 10,00,000 | പ്രോജക്റ്റ് നം.S0065/25, സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 10,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 25,000 | പ്രോജക്റ്റ് നം.S0233/25, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി | 25,000 | |
| ആകെ | | 39,16,203 | | 39,16,203 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 65/24-25, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | PV No.22401713 ആർബിഐ 0792509425012 | 13,32,202 | 0 | 13,32,202 |
| കെ.എസ്.ഇ.ബി | 141/24-25 പോസ്റ്റ് ഷിഫ്റ്റിംഗ് | ആർബിഐ 1502491831657 | 7,565 | 0 | 7,565 |
| K W A | 203/24-25 Paravoor Water Works Motor Installation | വൗച്ചർ നം.22401690 | 5,15,000 | 5,15,000 | 0 |
| ആകെ | | | 18,54,767 | 5,15,000 | 13,39,767 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷ വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | ആകെ വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ -വീട് | - | 21,55,600 | 2,75,62,836 | 2,97,18,436 | 26,89,253 | 0 | 2,70,29,183 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,93,12,722/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ വരവ് | 13,54,948/- |
| ആകെ | 2,06,67,670/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,06,67,670/- |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്(ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | എസ്.ബി.ഐ. പുന്നപ്ര | 01.06.2024 | ഒരു വർഷം | 11,27,208/- | |
| 2 | എസ്.ബി.ഐ. പുന്നപ്ര | 14.03.2024 | ഒരു വർഷം | 99,764/- | |
| 3 | കാനറ ബാങ്ക് പുന്നപ്ര | 29.05.2024 | ഒരു വർഷം | 1,40,80,650/- | |
| 4 | ഫെഡറൽ ബാങ്ക് ആലപ്പുഴ | 20.03.2024 | ഒരു വർഷം | 26,80,024/- | |
| 5 | ഫെഡറൽ ബാങ്ക് ആലപ്പുഴ | 20.03.2024 | ഒരു വർഷം | 26,80,024/- | |
| ആകെ | | | | 2,06,67,670/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-20 | 1-27 | 2020-21 | 1.2.5 | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്നു വാങ്ങൽ | അക്കൌണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 2017-18 | 1-28 (1,2,3) | 2020-21 | 1.2.5 | പാലിയേറ്റീവ് കെയർ നടത്തിപ്പ് അപാകത | അക്കൌണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,71,44,591 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,18,60,838 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,31,775 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22,60,306/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1(1-16) | | 1,26,275/- | ഡോ.ഫിജി പീറ്റർ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 3-2(1-15) | | 1,05,500/- | ഡോ.ഫിജി പീറ്റർ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| ആകെ | ഇല്ല | 2,31,775/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 90500/- | ഡോ.ഫിജി പീറ്റർ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-18 | 197451/- | ഡോ.ഫിജി പീറ്റർ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-19 | 10000/- | ഡോ.ഫിജി പീറ്റർ, മെഡിക്കൽ ഓഫിസർ, എഫ്.എച്ച്.സി |
| 1-21 | 39000/- | ഡോ.ഫിജി പീറ്റർ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| 1-23 | 137000/- | ശ്രീമതി സുജാത കെ., സെക്രട്ടറി |
| 1-24 | 51283/- | ശ്രീമതി സുജാത കെ., സെക്രട്ടറി |
| 1-25 | 1332202/- | ശ്രീമതി സുജാത കെ., സെക്രട്ടറി |
| 1-27 | 177870/- | ശ്രീമതി സുജാത കെ., സെക്രട്ടറി |

| | | |
|---|---|---|
| 1-29 | 2,25,000/- | ശ്രീ.സൈറസ് പി.എസ്., ഫിഷറീസ് ഓഫീസർ |
| ആകെ | 22,60,306/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുജാത കെ., സെക്രട്ടറി | സെക്രട്ടറി പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് | സുജ നിവാസ് സനാതനപുരം പി.ഒ., ആലപ്പുഴ -688001 |
| ഡോ.ഫിജി പീറ്റർ, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., പുന്നപ്ര വടക്ക് | കാക്കരിയിൽ വീട്, പറവൂർ, ആലപ്പുഴ-688604 |
| ശ്രീ.സൈറസ് പി.എസ്., ഫിഷറീസ് ഓഫീസർ | ഫിഷറീസ് ഓഫീസർ, മാരാരിക്കുളം ഗ്രാമ പഞ്ചായത്ത് | പുത്തൻപുരയ്ക്കൽ, പൊള്ളേത്തൈ പി.ഒ. |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| | |
|---|---|
| 2002-03 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2003-04 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2004-05 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2005-06 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2006-07 | എൽ.എഫ്.എ9/1287/2008, 17.07.2009/11.09.2009 |
| 2007-08 | എൽ.എഫ്.എ9/1288/2009, 17.04.2010/17.06.2011 |
| 2008-09 | എൽ.എഫ്.പി4/1307/2010, 27.04.2011/30.04.2011 |
| 2009-10 | എൽ.എഫ്.പി4/ 1308/2010, 27.04.2011/30.04.2011 |
| 2010-11 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2011-12,2012-13 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |

| | |
|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി 8/1286/2022, 27.05.2023 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി8-341/2021/8.04.21 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി8-611/2022/03.07.22 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി8-179/2023/29.03.23 |
| 2022-23 | കെ.എസ്.എ-എ.എൽ.പി/പി8-1066/2023/03.10.2023 |
| 2023-24 | കെ.എസ്.എ-എ.എൽ.പി/പി8-532/2024/30.07.2024 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 21-05-2025 and submitted on 30-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Punnapra North Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Punnapra North Grama Panchayat as on 31-03-2025

**Date: 23/12/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Punnapra North Grama Panchayat for the Year 2024-2025.**

**1.Major Observations**

NIL

**2.Other Observations**

1. The demand entries of property tax, professional tax etc are not recorded in the ledger at the beginning of the year and every month thereafter. No monthly reconciliations are made between ledger balances and concerned registers.
2. The asset register is not updated.

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്